നം.കെ.എസ്.എ.പി.റ്റി.എ./പി.**12/1305/2017** തീയതി **: 06-12-2017**

<u>പത്തനംതിട്ട ജില്ലയിലെ മല്ലപ്പള്ളി ബ്ലോക്ക് പഞ്ചായത്തിന്റെ</u>

<u>**2016-17** സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള</u>

<u>ഓഡിറ്റ് റിപ്പോർട്ട്</u>

**(1994-**ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം **13-**ാം വകുപ്പ്**, 1994-**ലെ കേരള പഞ്ചായത്ത് രാജ് നിയമം**215(4)-**ാം വകുപ്പ് **,1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18** എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്**)**

മല്ലപ്പള്ളി ബ്ലോക്ക്പഞ്ചായത്തിന്റെ 2016-17സാമ്പത്തിക വർഷത്തെ വരവ് ചെലവ് കണക്കുകൾ ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. അധികാര വികേന്ദ്രീകരണത്തിന്റെ ഭാഗമായി അനുവദിച്ച കിട്ടിയ പദ്ധതി വിഹിതം, മെയിന്റനൻസ് ഗ്രാന്റ്, കേന്ദ്രാവിഷ്കൃത പദ്ധതി വിഹിതം, സംസ്ഥാനാവിഷ്കൃത പദ്ധതി വിഹിതം, മറ്റ ഏജൻസികളിൽ നിന്നുള്ള ധനസഹായം, വിവിധ വകുപ്പകളിലൂടെ ലഭ്യമായ അംശദാനങ്ങൾ എന്നിവയും പരിശോധനയ്ക്ക് വിധേയമാക്കുകയുണ്ടായി.

ബ്ലോക്ക്പഞ്ചായത്ത് 11-03-2017 മുതൽ 18-10-2017 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പ കളിലൂടെ ബ്ലോക്ക്പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 9 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 5 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ ബ്ലോക്ക്പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമുണ്ടായിരിക്കുന്നതല്ല.

| | |
|---|---|
| ഓഡിറ്റ് നടത്തുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേരും ഉദ്യോഗപ്പേരും | ശ്രീ. പി.പി. സുരേഷ് കുമാർ<br>സീനിയർ ഡെപ്യൂട്ടി ഡയറക്ടർ |

<u>ഓഡിറ്റ് നടത്തിയതിന്റെ വിവരം</u>

| ഓഡിറ്റിന് വിനിയോഗിച്ച സമയം | ഓഡിറ്റ നടത്തിയ ഉദ്യോഗസ്ഥരുടെ പേര് വിവരം |
|---|---|
| 19.10.2017മുതൽ<br>25.10.2017 വരെ | ശ്രീ. ജോർജ്.പി.മാത്യു, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)<br>ശ്രീ. അരുൺകുമാർ.എസ്, സീനി.ഗ്രേഡ് ഓഡിറ്റർ<br>ശ്രീമതി.അശ്വതി.വി.നായർ, ഓഡിറ്റർ |

<u>നിർവ്വഹണാധികാരികൾ</u>

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി.ശോശാമ്മ തോമസ്സ് | 01-04-2016മുതൽ<br>31.03.2017 വരെ |

| | | |
|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി | ശ്രീ. തോമസ് എബ്രഹാം (ബി.ഡി.ഒ) | 01-04-2016 മുതൽ 31.05.2016 വരെ |
| | ശ്രീ എസ്.വേണുഗോപാൽ (ജോയിന്റ് ബി.ഡി.ഒ) | 01.06.2016മുതൽ 07.06.2016 വരെ |
| | ശ്രീ മോഹൻകുമാർ.എം. (ബി.ഡി.ഒ) | 08.06.2016മുതൽ 30.11.2016 വരെ |
| | ശ്രീ എസ്.വേണുഗോപാൽ (ജോയിന്റ് ബി.ഡി.ഒ) | 01.12.2016മുതൽ 16.12.2016 വരെ |
| | ശ്രീ ഹരിലാൽ.വി. (ബി.ഡി.ഒ) | 17.12.2016മുതൽ 31.12.2016 വരെ |
| | ശ്രീ എസ്.വേണുഗോപാൽ (ജോയിന്റ് ബി.ഡി.ഒ) | 01.01.2017മുതൽ 15.01.2017 വരെ |
| | ശ്രീ മോഹൻകുമാർ.എം (ബി.ഡി.ഒ) | 16.01.2017മുതൽ 31.03.2017 വരെ |

റിപ്പോർട്ടിന്റെ ഉള്ളടക്കം.

ഈ റിപ്പോർട്ടിൽ നാലു ഭാഗങ്ങൾ ഉൾക്കൊള്ളിച്ചിട്ടുള്ളതും ഓരോ ഭാഗത്തിലും താഴെ കൊടുത്തിരിക്കുന്ന വിവരങ്ങൾ ചേർത്തിട്ടുള്ളതുമാണ്.

ഭാഗം **1 :** പൊതു അവലോകനം

ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ട പൊതുവായ വിവരങ്ങളുടെ അവലോകനവും നിർദ്ദേശങ്ങളും.

ഭാഗം **2 :** വരവു കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

രസീതു പരിശോധനയിലും പഞ്ചായത്തിന്റെ വരവ് ഇനങ്ങളുടെ ഓഡിറ്റിലും കണ്ടെത്തിയ അപാകതകൾ, ക്രമക്കേടുകൾ, മറ്റ് ഓഡിറ്റ് നിരീക്ഷണങ്ങൾ.

ഭാഗം **3 :** ചെലവു കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

പഞ്ചായത്തിന്റെ ചെലവ് കണക്കുകളുടെ ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ, ക്രമക്കേടുകൾ, മറ്റ് ഓഡിറ്റ് നിരീക്ഷണങ്ങൾ.

ഭാഗം **4 :** ധനസ്ഥിതി വിവരണവും ഓഡിറ്റ് പ്രത്യവലോകനവും

സാമ്പത്തിക നില, ഓഡിറ്റ് പ്രത്യവലോകനം എന്നിവ.

അനുബന്ധം

1. ഓഡിറ്റ് സർട്ടിഫിക്കറ്റ്
2. ബാലൻസ് ഷീറ്റ്
3. ഇൻകം&എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ്
4. റസീപ്റ്റ്&പേമെന്റ് സ്റ്റേറ്റ്മെന്റ്

ഉള്ളടക്കം

## ഭാഗം 1


| ക്രമ നം. | വിഷയം | ഖണ്ഡിക നം. |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | മിനിറ്റ്സ് ബുക്കുകളിലെ അപാകതകളും പ്രൊക്യൂർമെന്റ് കമ്മറ്റി യോഗം ചേരാത്തതും | 1-7 |
| 8 | പൊതുവായ അപാകതകൾ | 1-8 |
| 9 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-9 |


## ഭാഗം-2


| | | |
|---|---|---|
| 10 | ടെണ്ടർ ഫീസ് ഇനത്തിൽ 30080 രൂപ ബ്ലോക്ക്പഞ്ചായത്തിന് ലഭിച്ചിട്ടില്ല | 2-1 |


## ഭാഗം-3


| | | |
|---|---|---|
| 11 | ഗ്യാസ് ക്രിമറ്റോറിയം നിർമ്മാണത്തിന് മല്ലപ്പള്ളി ഗ്രാമപഞ്ചായത്തിന് വിഹിതം നൽകൽ– പ്രൊജക്ട് നാളിതുവരെ നടപ്പാക്കിയിട്ടില്ല | 3-1 |
| 12 | വനിതാ കാർഷിക സംഭരണ വിതരണ കേന്ദ്രത്തിനുള്ള കെട്ടിടനിർമ്മാണം പൂർത്തീകരിച്ചില്ല | 3-2 |
| 13 | ബ്ലോക്ക് പഞ്ചായത്ത് കമ്മറ്റിഹാൾ നവീകരണം- അപാകതകൾ | 3-3 |
| 14 | ട്രഷറി ബിൽ ബുക്ക് പ്രകാരം കാഷ് ചെയ്തതായി കാണിച്ചിരിക്കുന്ന തുകയുടെ ചെലവുവിവരമില്ല | 3-4 |
| 15 | മരുതിക്കുഴി വഞ്ചിയപ്പാറ റോഡ് പ്രവൃത്തി- എം.ബുക്കിൽ രേഖപ്പെടുത്തിയിരിക്കുന്ന കനത്തിൽ കോൺക്രീറ്റിംഗ് നടത്തിയിട്ടില്ല | 3-5 |
| 16 | മരാമത്ത് പ്രവൃത്തികൾ– ബില്ലിൽ നിന്നും സർവീസ് ടാക്സ് ഈടാക്കി | 3-6 |
| 17 | ചെക്ക് മെഷർമെന്റ് നടത്താതെ ബില്ല് പാസ്സാക്കി തുക ചെലവഴിച്ചു | 3-7 |
| 18 | കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ കെട്ടിടം ശോച്യാവസ്ഥയിൽ | 3-8 |
| 19 | പാലിയേറ്റീവ് കെയർ പദ്ധതിമാർഗരേഖയ്ക്ക് വിരുദ്ധമായി വാഹനവാടകയ്ക്കായി അധികം തുക ചെലവഴിച്ചു | 3-9 |
| 20 | താലൂക്കാശുപത്രിക്ക് മരുന്നും ഉപകരണങ്ങളും ലഭിക്കാനവശേഷിക്കുന്നു. | 3-10 |
| 21 | ബ്ലോക്ക് ഇൻഫർമേഷൻ സെന്റർ പ്രവർത്തനം ആരംഭിച്ചില്ല | 3-11 |
| 22 | സമ്പൂർണ്ണ ശുചിത്വപരിപാടി ഫണ്ടിൽ നിന്നും താലൂക്കാശുപത്രിക്ക് നൽകിയ തുക തിരികെ ലഭിച്ചിട്ടില്ല | 3-12 |
| 23 | താലൂക്ക് ആശുപത്രിയിലെ ആംബുലൻസിന്റെ ഇന്ധനച്ചെലവ് | 3-13 |

| | | |
|---|---|---|
| 24 | പ്രീമെട്രിക് ഹോസ്റ്റലിന്റെ പ്രവർത്തനം നിലച്ചു | 3-14 |
| 25 | ഐ.സി.ഡി.എസ് & മഹിളാ യൂണിയൻ മന്ദിരം കെട്ടിടം മെയിന്റനൻസ്- അപാകതകൾ | 3-15 |
| 26 | പകൽവീട് 10 ലക്ഷം രൂപയുടെ വിനിയോഗസാക്ഷ്യപത്രം ലഭിച്ചിട്ടില്ല | 3-16 |
| 27 | അംഗനവാടികൾക്ക് കെട്ടിടനിർമ്മാണം- പ്രാരംഭ പ്രവർത്തനങ്ങൾ പോലും നടത്തിയിട്ടില്ല | 3-17 |
| 28 | സമഗ്രപുരയിടകൃഷി പദ്ധതി- യഥാർത്ഥബിൽ ഹാജരാക്കിയിട്ടില്ല | 3-18 |
| 29 | വാഹനത്തിന്റെ റിപ്പയർ രജിസ്റ്റർ സൂക്ഷിക്കുന്നില്ല | 3-19 |
| 30 | മുൻകൂർ തുകകൾ ക്രമീകരിക്കാനവശേഷിക്കുന്നു | 3-20 |
| 31 | ഡെപ്പോസിറ്റ് പ്രവൃത്തികൾ പൂർത്തീകരിക്കാൻ അവശേഷിക്കുന്നു | 3-21 |
| 32 | ഐ.എ.വൈ. പദ്ധതി ഗുണഭോക്താക്കൾ ഭവനനിർമ്മാണം പൂർത്തീകരിക്കാനവശേഷിക്കുന്നു. | 3-22 |


**ഭാഗം-4**


| | | |
|---|---|---|
| 33 | നിക്ഷേപ പ്രവർത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-1 |
| 34 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരം | 4-2 |
| 35 | വായ്പ/വായ്പ തിരിച്ചടവ് | 4-3 |
| 36 | സ്ഥിരനിക്ഷേപങ്ങൾ | 4-4 |
| 37 | ഓഡിറ്റ് റിക്കവറി | 4-5 |
| 38 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-6 |
| 39 | ഓഡിറ്റ് പ്രത്യവലോകനം | 4-7 |
| 40 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-8 |


# ഭാഗം 1

# പൊതു അവലോകനം

## 1-1 ബജറ്റ്

| | |
|---|---|
| 2016-17ലെ ബജറ്റ് പാസ്സാക്കിയ തീയതി | 29.02.2016 |
| പുതുക്കിയ ബജറ്റ് പാസ്സാക്കിയ തീയതി | ഇല്ല |

ബജറ്റ് പ്രകാരവും യഥാർത്ഥത്തിലുള്ളതുമായ വരവ് ചെലവ് കണക്കിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | പ്രതീക്ഷിച്ചത് | യഥാർത്ഥ തുക | വ്യത്യാസം | |
|---|---|---|---|---|
| | | | കൂടുതൽ | കുറവ് |
| മുന്നിരിപ്പ് | 6500000 | 22370182 | 15870182 | - |
| വരവ് | 208739000 | 56125816 | - | 152613184 |
| ആകെ | 215239000 | 78495998 | - | 136743002 |

| | | | | |
|---|---|---|---|---|
| ചെലവ് | 214201000 | 60947945 | - | 153253055 |
| നീക്കിയിരിപ്പ് | 1038000 | 17548053 | 16510053 | - |

കേരള പഞ്ചായത്ത് രാജ് നിയമം 214-ാം വകുപ്പ് പ്രകാരം വികസന പദ്ധതികളുടെ ചെലവ് ഉൾപ്പെടെ അടുത്ത വർഷത്തേക്ക് ഉണ്ടാകാനിടയുള്ള വരവ് ചെലവുകളുടെ വിശദമായ എസ്റ്റിമേറ്റ് ഉൾക്കൊള്ളുന്ന ബജറ്റ് നിർദ്ദേശങ്ങൾ ഓരോ വർഷവും ജനുവരി 15-ാം തീയതിക്കു മുമ്പായി ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റികൾ സെക്രട്ടറിയും അതതു വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന ഉദ്യോഗസ്ഥൻമാരും നൽകുന്ന എസ്റ്റിമേറ്റും നിർദ്ദേശങ്ങളും പരിഗണിച്ചുകൊണ്ട് തയ്യാറാക്കേണ്ടതും അത് ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിക്ക് സമർപ്പിക്കേണ്ടതുമാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി അതിൽനിന്നും പഞ്ചായത്തിന്റെ അടുത്ത വർഷത്തേക്കുള്ള വരവ് ചെലവു കാണിക്കുന്ന ഒരു ബഡ്ജറ്റ് തയ്യാറാക്കേണ്ടതും അത് മാർച്ച് മാസത്തിലെ ആദ്യത്തെ ആഴ്ച കഴിയുന്നതിനു മുമ്പായി പഞ്ചായത്ത് മുമ്പാകെ അംഗീകാരത്തിനായി വയ്ക്കേണ്ടതുമാണ്. പഞ്ചായത്ത് ബജറ്റ് നിർദ്ദേശങ്ങൾ പരിഗണിക്കുകയും ബജറ്റ് വർഷാരംഭത്തിനു മുമ്പായി പാസ്സാക്കേണ്ടതുമാണ്.

വർഷാരംഭത്തിനുമുമ്പായി ബ്ലോക്ക്പഞ്ചായത്ത് കമ്മറ്റി ബജറ്റ് പാസ്സാക്കിയിരുന്നുവെങ്കിലും വരും വർഷത്തെ പ്രതീക്ഷിത വരവു ചെലവുകളുടെ വിശദമായ എസ്റ്റിമേറ്റുകൾ ഓരോ വർഷവും ജനുവരി 15-നു മുമ്പായി അതാതു സ്റ്റാന്റിംഗ് കമ്മിറ്റികൾ തയ്യാറാക്കുക, ബജറ്റ് മാർച്ച് ആദ്യവാരത്തിനു മുമ്പായി സമർപ്പിക്കുക തുടങ്ങിയ നടപടിക്രമങ്ങൾ ഒന്നും പാലിച്ചില്ല. തത്ഫലമായി ബജറ്റ് നിർദ്ദേശങ്ങൾ കമ്മിറ്റിയിൽ യഥാവിധി ചർച്ച ചെയ്യപ്പെടുകയോ ഗുണദോഷ പരിശോധനയ്ക്ക് വിധേയമാക്കപ്പെടുകയോ ചെയ്യാത്തതുകൊണ്ട് ബജറ്റ് നിർദ്ദേശങ്ങളുടെ സൂക്ഷ്മമായ പരിശോധന ഒഴിവാക്കപ്പെട്ടു. ഇത് ബജറ്റ് എസ്റ്റിമേറ്റുകളുടെ കൃത്യതയില്ലായ്മയിലേക്ക് കൊണ്ടുചെന്നെത്തിച്ചു. ഇക്കാരണത്താൽ പ്രതീക്ഷിത വരവ് ചെലവുകളും യഥാർത്ഥ വരവ് ചെലവുകളുമായി യാതൊരു പൊരുത്തവുമുണ്ടായിരുന്നില്ല. പെരുപ്പിച്ച മതിപ്പ് വരവ് ചെലവുകൾ സൂചിപ്പിക്കുന്നത് ഉചിതമായ രീതിയിലുള്ള ധനകാര്യ ആസൂത്രണത്തിന്റെ അഭാവത്തെയാണ്. കേരള പഞ്ചായത്ത് രാജ് നിയമത്തിൽ നിഷ്കർഷിച്ചിട്ടുള്ള നടപടിക്രമങ്ങൾ പാലിച്ച് യാഥാർത്ഥ്യ ബോധത്തോടെയുള്ള ബജറ്റ് തയ്യാറാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

# 1-2 വാർഷിക ധനകാര്യപത്രിക

| സാമ്പത്തിക വർഷം | ഓഡിറ്റിൽ ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2016-17 | 31.7.2017 | 22.07.2017 |

# 1-3 ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം

ഓഡിറ്റ് സർട്ടിഫിക്കറ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്.

വാർഷിക കണക്കുകളുടെ പരിശോധനയിൽ താഴെ പറയുന്ന അപാകതകൾ ശ്രദ്ധയിൽ പെട്ടു.

1. ഷെഡ്യൂൾ-B4- Joint venture project (for Revenue expenditure) from Block Panchayat എന്നയിനമായി 5085676രൂപ കാണിച്ചിരിക്കുന്നു. കൂടാതെ ഷെഡ്യൂൾ-RP-31-ൽ ഈയിനത്തിൽ 6688000രൂപയും കാണിച്ചിട്ടുണ്ട്. ആയത് ഏത് പ്രൊജക്ടുമായി ബന്ധപ്പെട്ടതാണെന്നോ ഏത് സ്ഥാപനത്തിൽ നിന്ന് ലഭിച്ചതാണെന്നോ വ്യക്തമല്ല. ഗ്രാമപഞ്ചായത്ത് വിഹിതമായി കാണിച്ചിരിക്കുന്ന 4381127രൂപ, ജില്ലാപഞ്ചായത്ത് വിഹിതമായി കാണിച്ചിരിക്കുന്ന 2838890 രൂപ എന്നിവയിലും അവ്യക്തതയുണ്ട്.

2. B9- Service tax payable എന്നയിനമായി കാണിച്ചിരിക്കുന്ന 107050രൂപയുടെ കണക്ക് കൃത്യമല്ല. RP-36-ലും ഈ തുക രേഖപ്പെടുത്തിയിട്ടുണ്ട്. തൻവർഷം സർവീസ് ടാക്സിനത്തിൽ 168783 രൂപ ബ്ലോക്ക് പഞ്ചായത്തിന്റെ സ്പെഷ്യൽ ടി.എസ്.ബി അക്കൗണ്ടിൽ ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിട്ടുണ്ട്.( ഖണ്ഡിക 3-6

കാണുക.)

3. B9- Refunds payable- Property tax എന്നയിനമായി രേഖപ്പെടുത്തിയിരിക്കുന്ന 61733രൂപ സംബന്ധിച്ചുള്ള വിശദാംശങ്ങൾ ലഭ്യമല്ല. RP-36-ലും ഈ തുക കാണിച്ചിട്ടുണ്ട്.

4. B-11(a)- Capital work in Progress ആയി കാണിച്ചിരിക്കുന്ന 1928298രൂപയുടെ വിശദാംശങ്ങൾ ലഭ്യമായിട്ടില്ല.

5. I-9 & RP-10- പലവക വരവ് എന്നയിനത്തിൽ കാണിച്ചിരിക്കുന്ന 43676രൂപയുടെ വിശദാംശങ്ങൾ ലഭ്യമായിട്ടില്ല.

6. ഇ.എം.ഡി, സെക്യൂരിറ്റി ഡെപ്പോസിറ്റ് മുതലായ ഇനങ്ങളുടെ കൃത്യമായ വിവരങ്ങൾ രജിസ്റ്ററിൽ എഴുതി സൂക്ഷിക്കുന്നില്ല. ആയതിനാൽ ഈയിനങ്ങളിൽ ബാധ്യതയായി കാണിച്ചിരിക്കുന്ന തുകകളുടെ കൃത്യത ബോധ്യപ്പെട്ടിട്ടില്ല.

അപാകതകൾ പരിഹരിക്കേണ്ടതാണ്.

# 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുൻബാക്കി | 22370182 |
| വരവ് | 56125816 |
| ആകെ | 78495998 |
| ചെലവ് | 60947945 |
| നീക്കിബാക്കി | 17548053 |

# 1-5 ഫണ്ട് വിനിയോഗം (അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം)

| ഫണ്ടിനം | മുൻ ബാക്കി | വരവ് തുക | ആകെ തുക | ചെലവ് തുക | നീക്കി ബാക്കി |
|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 18564018 | 18564018 | 16227673 | 2336345 |
| വികസന ഫണ്ട് (എസ്.സി.പി) | 0 | 9442770 | 9442770 | 9014130 | 428640 |
| വികസനഫണ്ട് (ടി.എസ്.പി) | 0 | 171447 | 171447 | 92000 | 79447 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 0 | 2889513 | 2889513 | 2299560 | 589953 |
| ജനറൽ പർപ്പസ് ഗ്രാന്റ് | 3271855 | 3303996 | 6575851 | 3815749 | 2760102 |

# 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് | നടപ്പാക്കിയത് | ഭാഗികമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പദ്ധതികളുടെ ശതമാനം |
|---|---|---|---|---|
| 46 | 39 | - | 7 | 84.78% |

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് ശതമാനം |
|---|---|---|---|---|---|
| സെക്രട്ടറി | 17 | 17 | 28348447 | 18408676 | 64.94% |
| അസ്സിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ | 13 | 7 | 9680519 | 3618019 | 37.37% |
| മെഡിക്കൽ ഓഫീസർ (താലൂക്ക് ആശുപത്രി ) | 5 | 5 | 1003820 | 999770 | 99.6% |
| അസി.ഡയറക്ടർ (കൃഷി) | 2 | 2 | 436000 | 410250 | 94.09% |
| സി.ഡി.പി.ഒ. | 4 | 4 | 1584677 | 1584227 | 99.97% |
| ജനറൽ എക്സ്റ്റൻഷൻ ഓഫീസർ | 2 | 2 | 4100000 | 1063521 | 25.94% |
| ക്ഷീരവികസന ഓഫീസർ | 2 | 2 | 2572000 | 1522000 | 59.18% |
| വ്യവസായ വികസന ഓഫീസർ | 1 | 0 | 2100000 | 0 | 0% |
| ആകെ | 46 | 39 | 49825463 | 27606463 | 55.4% |

# 1-7 മിനിറ്റ്സ് ബുക്കുകളിലെ അപാകതകളും പ്രൊക്യൂർമെന്റ് കമ്മറ്റി യോഗം ചേരാത്തതും

ബ്ലോക്ക് പഞ്ചായത്തിലെ മിനിറ്റ്സ് ബുക്കുകളുടെ പരിശോധനയിൽ ശ്രദ്ധയിൽ പെട്ട അപാകതകൾ താഴെ പറയുന്നു.

ക്ഷേമകാര്യസ്റ്റാന്റിംഗ് കമ്മറ്റി, വികസനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി എന്നിവയുടെ മിനിറ്റ്സുകൾ അപൂർണ്ണമാണ്. ക്ഷേമകാര്യസ്റ്റാന്റിംഗ് കമ്മറ്റിയുടെ മിനിറ്റ്സ് ബുക്കിൽ 18.5.16-നു ശേഷം 28.12.16-ൽ മാത്രമാണ് മിനിറ്റ്സ് എഴുതിയിരിക്കുന്നത്. ഇതിനിടയ്ക്ക് കൂടിയ കമ്മറ്റിയുടെ മിനിറ്റ്സുകളൊന്നും എഴുതിയിട്ടില്ല. തുടർന്ന് 5.2.17, 7.3.17, 21.3.17 എന്നീ തീയതികളിലെ മിനിറ്റ്സ് എഴുതിയിരിക്കുന്നു. 4/2017 മുതൽ 10/2017 വരെയുള്ള മാസങ്ങളിൽ കൂടിയ സ്റ്റാന്റിംഗ് കമ്മറ്റിയുടെ തീരുമാനങ്ങളും രേഖപ്പെടുത്തിയിട്ടില്ല.

വികസനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ 4.4.17 വരെയുള്ള മിനിറ്റ്സേ എഴുതിയിട്ടുള്ളൂ. കമ്മറ്റിയുടെ തീരുമാനങ്ങൾ യഥാസമയം രേഖപ്പെടുത്തിയും സാക്ഷ്യപ്പെടുത്തിയും സൂക്ഷിക്കാത്തത് ഗുരുതരമായ അപാകതയാണ്.

പ്രൊക്യൂർമെന്റ് കമ്മറ്റിയുടെ പ്രവർത്തനം തീരെ തൃപ്തികരമല്ല. പ്രൊക്യൂർമെന്റ് കമ്മറ്റിയുടെ മിനിറ്റ്സ് ബുക്ക് പരിശോധിച്ചതിൽ, 16.9.15-നു ശേഷം കമ്മറ്റി കൂടിയിട്ടേയില്ല എന്നാണ് വ്യക്തമാകുന്നത്.

മേൽ വിഷയത്തിൽ ഭരണസമിതിയുടേയും ഭരണ വകുപ്പിന്റേയും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. അപാകതകൾ പരിഹരിക്കുന്നതിനും അവ ആവർത്തിക്കാതിരിക്കുന്നതിനും ഫലപ്രദമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 1-8 പൊതുവായ അപാകതകൾ

ഓഡിറ്റിൽ ശ്രദ്ധയിൽ പെട്ട പൊതുവായ അപാകതകൾ താഴെ പറയുന്നു. ആയത് ഭരണസമിതി ചർച്ച ചെയ്ത് തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

- പദ്ധതികൾ മോണിറ്ററിംഗ് ചെയ്യപ്പെടുന്നില്ല. പ്രോജക്ട് ഫയലുകളിലൊന്നും തന്നെ മോണിറ്ററിംഗ് റിപ്പോർട്ട് ഉൾപ്പെടുത്തിയിട്ടില്ല.

- പ്രൊജക്ടുകളുടെ നിർവ്വഹണം ഭൂരിഭാഗവും നടക്കുന്നത് വർഷാവസാനത്തിലാണ്. യഥാസമയം നടപടികളൊന്നും സ്വീകരിക്കാതെ മാർച്ച് മാസത്തിലേക്ക് നിർവ്വഹണം വലിച്ചു നീട്ടിക്കൊണ്ടുപോകുന്ന പ്രവണത പദ്ധതികളുടെ സുതാര്യതയെ ബാധിക്കും എന്ന കാര്യത്തിൽ സംശയമില്ല.

- ഡെപ്പോസിറ്റ് വർക്കുകൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ ബ്ലോക്ക് പഞ്ചായത്തിന്റെ ഭാഗത്തുനിന്നും ഫലപ്രദമായ ഇടപെടലുകളില്ല. ഡെപ്പോസിറ്റ് വർക്കുകളിൽ എഗ്രിമെന്റ് വയ്ക്കേണ്ടതും യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റുകളോടൊപ്പം മിച്ചം വന്ന തുക തിരികെ വാങ്ങാൻ നടപടി സ്വീകരിക്കേണ്ടതുമാണ്.

- പദ്ധതിരൂപീകരണത്തിൽ നിർണ്ണായക പങ്ക് വഹിക്കേണ്ടതായ വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം ശോചനീയമാണ് എന്ന് മിനിറ്റ്സ് ബുക്കുകൾ വെളിപ്പെടുത്തുന്നു. സാമ്പത്തിക വർഷത്തിൽ ഒരു പ്രാവശ്യം (3.6.16-ൽ) മാത്രമാണ് വർക്കിംഗ് ഗ്രൂപ്പുകൾ കൂടിയിരിക്കുന്നത്. പല വർക്കിംഗ് ഗ്രൂപ്പിലും വളരെ കുറച്ച് ആളുകൾ മാത്രമേ പങ്കെടുത്തിരുന്നുള്ളൂ എന്നും ക്രിയാത്മകമായ ചർച്ചകളൊന്നും നടന്നിരുന്നില്ല എന്നും വ്യക്തമാണ്.

- മരാമത്തു പ്രവൃത്തികളുടെ നിർവ്വഹണ ഉദ്യോഗസ്ഥനായ അസി.എക്സി.എഞ്ചിനീയർ തന്നെയാണ് പ്രവൃത്തികൾക്ക് സാങ്കേതികാനുമതി നൽകുന്നത് എന്നത് ക്രമപ്രകാരമല്ല. നിർവ്വഹണ ഉദ്യോഗസ്ഥൻ തന്നെ പ്രൊജക്ടിന് അംഗീകാരം നൽകാൻ പാടില്ല എന്ന് ജി.ഒ(എം.എസ്) 4/16/ത.സ്വ.ഭ.വ തീ.11/1/16 നമ്പർ മാർഗ്ഗരേഖ ഖണ്ഡിക 14.5.2-ൽ വ്യക്തമാക്കിയിട്ടുള്ളതാണ്.

- രജിസ്റ്ററുകൾ കൃത്യമായി എഴുതി സൂക്ഷിക്കുന്നതിൽ അലംഭാവമുണ്ട്. ഉദാഹരണമായി, ഇ.എം.ഡി, സെക്യൂരിറ്റി ഡെപ്പോസിറ്റ് എന്നീയിനങ്ങളിൽ ആർക്കെല്ലാം എത്രയെല്ലാം തുക/ഡെപ്പോസിറ്റ് സർട്ടിഫിക്കറ്റ് തിരികെ നൽകാനുണ്ട് എന്ന കാര്യത്തിൽ വ്യക്തതയില്ല. ഓഡിറ്റ് ഒബ്ജക്ഷൻ രജിസ്റ്റർ, ഓഡിറ്റ് റിക്കവറി സംബന്ധിച്ച രജിസ്റ്റർ, സർക്കാരിലേക്ക് ഒടുക്കുവരുത്തുന്ന നികുതികൾ, നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതം മുതലായവയെ സംബന്ധിക്കുന്ന രജിസ്റ്റർ എന്നിവയൊന്നും തന്നെ എഴുതി സൂക്ഷിക്കുന്നില്ല.

- ഇൻക്യുമ്പൻസി രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല. കാലാകാലങ്ങളിലെ ബ്ലോക്ക് പഞ്ചായത്തിലെ ജീവനക്കാർ, നിർവ്വഹണ ഉദ്യോഗസ്ഥർ എന്നിവരുടെ പേരും കാലയളവും വിലാസവും സ്ഥലം മാറിപോകുന്ന ഓഫീസിന്റെ വിവരങ്ങളും എഴുതി സൂക്ഷിക്കുന്നില്ല.

- ബ്ലോക്ക് പഞ്ചായത്തിന്റെ നിയന്ത്രണത്തിലുള്ള പ്രീമെട്രിക് ഹോസ്റ്റൽ, കല്ലൂപ്പാറ സി.എച്ച്.സി എന്നിവയുടെ അടിസ്ഥാനസൗകര്യങ്ങളും പ്രവർത്തനങ്ങളും മെച്ചപ്പെടുത്താൻ ഫലപ്രദമായ നടപടികൾ

അനിവാര്യമാണ്.

## 1-9 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ക്രമ നം | ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയ്യതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയ്യതി |
|---|---|---|---|---|
| 1 | പെർഫോമൻസ് ഓഡിറ്റ് | 14.12.2016 | 2014-15 to 15-16 | 28.6.2017 |
| 2 | അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 18.1.2011 | 2004-05 to 09-10 | 10.2.2011 |

# ഭാഗം-2

# വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 ടെണ്ടർ ഫീസ് ഇനത്തിൽ 30080രൂപ ബ്ലോക്ക്പഞ്ചായത്തിന് ലഭിച്ചിട്ടില്ല

അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ നിർവ്വഹണ ഉദ്യോഗസ്ഥയായി ഇ-ടെണ്ടർ മുഖേന നടപ്പിലാക്കിയ മരാമത്ത് പ്രവൃത്തിയുടെ ടെണ്ടർ ഫോറ വിലയായി (ടെണ്ടർ ഫീസ്) ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എൻജിനീയറുടെ പേരിലുള്ള ബാങ്ക് അക്കൗണ്ടിൽ കരാറുകാർ ഒടുക്കിയ തുകകൾ നാളിതുവരെ ബ്ലോക്ക്പഞ്ചായത്തിന് ലഭിച്ചിട്ടില്ല.

28/9/13-ലെ ജി.ഒ(എം.എസ്)318/2013/ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം ഇ-ടെണ്ടർ മുഖേന നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ഇ.എം.ഡി, ടെണ്ടർ ഫീസ് എന്നിവ ഓൺലൈൻ ആയി ഒടുക്കുന്നതിന് എൽ.എസ്.ജി.ഡി ജില്ലാ എക്സിക്യൂട്ടീവ് എൻജിനീയറുടെ പേരിൽ സീറോ ബാലൻസ് അക്കൗണ്ട് ആരംഭിക്കുന്നതിനും ഗ്രാമ/ബ്ലോക്ക് പഞ്ചായത്തുകളിൽ നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീസ് ഈ അക്കൗണ്ടിൽ ഒടുക്കാനും നിർദ്ദേശിച്ചിരുന്നു. ജി.ഒ(പി) 3/2015/ഫിൻ/തീയതി 5.1.15 പ്രകാരം ടെണ്ടർ ഫോറ വില അടങ്കൽ തുകയുടെ 0.2% (കുറഞ്ഞത് 500രൂപ) എന്ന് നിശ്ചയിച്ചിരുന്നു.

താഴെ പറയുന്ന പ്രവൃത്തികൾ 2016-17വർഷം ഇ-ടെണ്ടർ ചെയ്തുവെങ്കിലും ടെണ്ടർ ഫീസ് ഇനത്തിൽ ബ്ലോക്ക് പഞ്ചായത്തിന് ലഭിക്കേണ്ട തുക ജില്ലാപഞ്ചായത്തിൽ നിന്നും തിരികെ വാങ്ങാൻ യാതൊരു നടപടികളും സ്വീകരിച്ചിട്ടില്ല.

| പ്രവൃത്തി | ടെണ്ടറുകളുടെ എണ്ണം | ആകെ ടെണ്ടർഫീസ് |
|---|---|---|
| S.047/17-വനിതാ കാർഷിക സംഭരണ വിതരണകേന്ദ്രം കെട്ടിടനിർമ്മാണം | 8 | 2630X8 = 21040 |
| S.032/17-മല്ലപ്പള്ളി താലൂക്ക് ഹോസ്പിറ്റൽ ഐ.പി.ബ്ലോക്ക് കെട്ടിടം മെയിന്റനൻസ് | 2 | 740X2 = 1480 |

| | | |
|---|---|---|
| S.042/17-കല്ലൂപ്പാറ സി.എച്ച്.സി കെട്ടിടം പുനരുദ്ധാരണം | 2 | 630X2 = 1260 |
| S.033/17-ഐ.സി.ഡി.എസ് & മഹിളാ യൂണിയൻ മന്ദിരം കെട്ടിടം മെയിന്റനൻസ് | 2 | 1050X2 = 2100 |
| S.054/17-കുമ്പളന്താനം എൽ.പി.എസ്- ചെമ്പകശ്ശേരി റോഡ് കോൺക്രീറ്റിംഗ്(കൊറ്റനാട്) | 2 | 1050X2 = 2100 |
| S.030/17-മരുതിക്കുഴി വഞ്ചിയപ്പാറ റോഡ് കോൺക്രീറ്റിംഗ്(കോട്ടാങ്ങൽ) | 2 | 1050X2 = 2100 |
| | ആകെ | **30080** |

ബ്ലോക്ക് പഞ്ചായത്തിന് ലഭിക്കേണ്ട മുഴുവൻ തുകകളും ജില്ലാപഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറിൽ നിന്നും തിരികെ വാങ്ങി പഞ്ചായത്ത് അക്കൗണ്ടിലേക്ക് മുതൽ കൂട്ടേണ്ടതാണ്.

# ഭാഗം-3

# ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 ഗ്യാസ് ക്രിമറ്റോറിയം നിർമ്മാണത്തിന് മല്ലപ്പള്ളി ഗ്രാമപഞ്ചായത്തിന് വിഹിതം നൽകൽ- പ്രൊജക്ട് നാളിതുവരെ നടപ്പാക്കിയിട്ടില്ല

| | |
|---|---|
| പ്രൊജക്ട് നം. | S.051/17 |
| നിർവ്വഹണഉദ്യോഗസ്ഥൻ | ജനറൽ എക്സ്റ്റൻഷൻ ഓഫീസർ |
| അടങ്കൽ തുക | രൂ.40,00,000 (വികസനഫണ്ട്-10ലക്ഷം, ശുചിത്വമിഷൻ ഫണ്ട്-20ലക്ഷം, ഗ്രാമപഞ്ചായത്ത് വിഹിതം-10ലക്ഷം) |
| ചെലവുവിവരം | ബിൽ നം.4/17/Plan/GEO/18.3.17- രൂ.10,00,000 |

മല്ലപ്പള്ളി ഗ്രാമപഞ്ചായത്തിന്റെ 11-ാം വാർഡിൽ ആധുനിക രീതിയിലുള്ള ഗ്യാസ് ക്രിമറ്റോറിയം നിർമ്മിക്കുന്നതിനായി സംസ്ഥാന ശുചിത്വമിഷൻ, മല്ലപ്പള്ളി ഗ്രാമപഞ്ചായത്ത്, മല്ലപ്പള്ളി ബ്ലോക്ക് പഞ്ചായത്ത് എന്നിവ സംയുക്തമായി നടപ്പാക്കാൻ ഉദ്ദേശിച്ച പ്രൊജക്ട് നാളിതുവരെ ലക്ഷ്യം കണ്ടിട്ടില്ല. ബ്ലോക്ക് പഞ്ചായത്തിന്റെ വിഹിതം മേൽ ട്രഷറി ബിൽ പ്രകാരം പിൻവലിച്ച് ഗ്രാമപഞ്ചായത്തിന് നൽകിയിട്ടുണ്ട്. ഗ്രാമപഞ്ചായത്തിന്റെ 281/1-ാം നമ്പർ സർവ്വേ നമ്പരിൽ പെട്ട സ്ഥലത്താണ് ഗ്യാസ് ക്രിമറ്റോറിയം സ്ഥാപിക്കാൻ ഉദ്ദേശിച്ചിരുന്നതെങ്കിലും സ്ഥലത്തിന്റെ ഉടമസ്ഥാവകാശം സംബന്ധിച്ച രേഖകൾ ഗ്രാമപഞ്ചായത്തിൽ ലഭ്യമല്ല എന്നും സ്പിൽ ഓവർ പ്രൊജക്ടായി 2017-18-ൽ ഉൾപ്പെടുത്തിയിട്ടുണ്ട് എന്നുമാണ് ഗ്രാമപഞ്ചായത്തു സെക്രട്ടറിയോട് അന്വേഷിച്ചതിൽ നിന്നും ഓഡിറ്റിന് ലഭ്യമായ വിവരം. ശുചിത്വമിഷൻ ഫണ്ട് ലഭ്യമായിട്ടുമില്ല. ഫണ്ട് ലഭ്യമാക്കിയും രേഖകൾ ശരിയാക്കിയും പ്രൊജക്ട് നടപ്പാക്കാൻ ഗ്രാമപഞ്ചായത്ത് നടപടികൾ സ്വീകരിക്കാത്തപക്ഷം തുക തിരികെ വാങ്ങി കൺസോളിഡേറ്റഡ് ഫണ്ടിൽ തിരിച്ചടയ്ക്കേണ്ടതാണ്. ചെലവു തുക 1000000രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. തുടർനടപടികളുടെ വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

# 3-2 വനിതാ കാർഷിക സംഭരണ വിതരണ കേന്ദ്രത്തിനുള്ള കെട്ടിടനിർമ്മാണം പൂർത്തീകരിച്ചില്ല

| | |
|---|---|
| പ്രൊജക്റ്റ് നം. | S.047/17 |
| അടങ്കൽ തുക | രൂ.4500000(വികസനഫണ്ട്-20ലക്ഷം, സ്വരാജ് ട്രോഫി പ്രോത്സാഹന ധനസഹായം-25ലക്ഷം) |
| കരാറുകാരൻ | ശ്രീ.കെ.എം.ജോസഫ്, കൊച്ചുപറമ്പിൽ, തോട്ടഭാഗം |
| ചെലവുവിവരം | ബിൽ നം.1/AEE/LSGD/28.2.17- രൂ.1009613<br>ബിൽ നം.13/AEE/LSGD/30.3.17-രൂ.398233<br>1407846 |

സ്വരാജ് ട്രോഫി അവാർഡായി ബ്ലോക്ക് പഞ്ചായത്തിന് അനുവദിച്ച 25ലക്ഷം രൂപയും ബ്ലോക്കു പഞ്ചായത്തിന്റെ വികസനഫണ്ടിൽ നിന്നും 20ലക്ഷം രൂപയും വകയിരുത്തി ആവിഷ്കരിച്ച കെട്ടിടനിർമ്മാണം മുടങ്ങിക്കിടക്കുന്നു. വനിതാ കാർഷിക സംഭരണ വിതരണകേന്ദ്രം എന്ന പേരിൽ ബ്ലോക്ക് പഞ്ചായത്ത് കോമ്പൗണ്ടിൽ നിർമ്മിച്ചുകൊണ്ടിരിക്കുന്ന ഈ കെട്ടിടത്തിന്റെ നിർമ്മാണ ഉദ്ദേശം ആർക്കും വ്യക്തമല്ല. ഒരു കാർഷിക സംഭരണ വിതരണകേന്ദ്രത്തിനു വേണ്ടി 45ലക്ഷം രൂപ ചെലവഴിക്കുന്നത് ബ്ലോക്ക് പഞ്ചായത്തിന് എത്രമാത്രം പ്രയോജനമുണ്ടാക്കും എന്ന കാര്യത്തിൽ സംശയമുണ്ട്. ബ്ലോക്ക് പഞ്ചായത്തു കോമ്പൗണ്ടിൽ തന്നെ സ്ഥാപിക്കുന്ന ഈ കാർഷിക സംഭരണ വിതരണ കേന്ദ്രത്തിന്റെ നടത്തിപ്പു ചുമതല ആർക്ക് കൈമാറും എന്നും വ്യക്തതയില്ല.

2016-17വർഷം രണ്ട് പാർട്ട് ബില്ലുകൾ പ്രകാരം 1407846രൂപ വികസനഫണ്ടിൽ നിന്നും ചെലവഴിച്ചു. എന്നാൽ സ്വരാജ് ട്രോഫി അവാർഡായി അനുവദിച്ച 25ലക്ഷം രൂപ യഥാസമയം ചെലവഴിക്കാൻ സാധിച്ചില്ല. നിലവിൽ ഇപ്പോൾ ട്രഷറിയിൽ നിന്നും അവാർഡ് തുക പിൻവലിക്കാൻ സാധിക്കാത്ത അവസ്ഥയിലുമാണ്. തത്ഫലമായി കരാറുകാരൻ ബാക്കി പ്രവൃത്തികൾ ചെയ്യാത്തതിനാൽ കെട്ടിടനിർമ്മാണം മുടങ്ങിക്കിടക്കുന്നു. നിർമ്മാണത്തിലെ കാലതാമസം മൂലം സാമ്പത്തിക വർഷം അവസാനിക്കുന്നതിനു മുൻപ് ഫണ്ട് പൂർണ്ണമായി ചെലവഴിക്കാൻ സാധിക്കാഞ്ഞത് നിർവ്വഹണത്തിലെ പോരായ്മയായി വിലയിരുത്തുന്നു. കരാറുകാരനുമായി എഗ്രിമെന്റ് വെച്ചതുതന്നെ 16.1.17-ലാണ്. മൂന്നു നിലയിലുള്ള കെട്ടിടം 31.3.17-നകം പൂർത്തീകരിക്കണമെന്നാണ് വർക്ക് ഓർഡറിലെ നിർദ്ദേശം. തികച്ചും അപ്രായോഗികമായ നിർദ്ദേശം എങ്ങനെ പാലിക്കാൻ സാധിക്കുമെന്ന് നിർവ്വഹണ ഉദ്യോഗസ്ഥനോ ഭരണസമിതിയോ വിശകലനം ചെയ്തിട്ടില്ല. സാമ്പത്തിക വർഷം കഴിഞ്ഞാൽ അവാർഡ് തുക ചെലവഴിക്കാൻ സാധിക്കുമോ എന്ന് ഉറപ്പുവരുത്താതെയാണ് കെട്ടിടനിർമ്മാണം ആരംഭിച്ചത്. ആയത് ഭരണസമിതിയുടേയും ബ്ലോക്ക് പഞ്ചായത്ത് അധികാരികളുടേയും ഭാഗത്തുനിന്നുള്ള വീഴ്ചയാണ്.

തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ 31.5.17-ലെ ഒരു കത്തിന്റെ പകർപ്പ് (നം.DD2/244/2017/LSGD) ഫയലിൽ കാണുന്നു. വികസനഫണ്ടും അവാർഡ് തുകയും ചേർത്ത് ചെലവഴിച്ച് കെട്ടിടം നിർമ്മിക്കുന്നതിന് അനുമതി ലഭിച്ച ഉത്തരവിന്റെ പകർപ്പ്, പണിയുടെ ഇതുവരെയുള്ള പുരോഗതി, പ്രവൃത്തി പൂർത്തീകരിക്കാൻ ഇനിയും സമയം നീട്ടി ആവശ്യമുണ്ടോ എന്നീ വിവരങ്ങൾ അറിയിക്കാൻ കത്തിൽ ആവശ്യപ്പെട്ടിരുന്നു. പ്രസ്തുത വിവരങ്ങൾ നൽകിയിട്ടുണ്ടോ എന്ന് ഫയലിൽ നിന്നും വ്യക്തമല്ല.

ഫണ്ട് ലഭ്യമാക്കുന്നതിനും കെട്ടിടം പണി എത്രയും വേഗം പൂർത്തീകരിക്കുന്നതിനും നിർവ്വഹണഉദ്യോഗസ്ഥനും ഭരണസമിതിയും സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്. വനിതാ കാർഷിക സംഭരണ വിതരണകേന്ദ്രത്തിന്റെ തുടർപ്രവർത്തനങ്ങൾ ഏതു രീതിയിലാണ് എന്നതു സംബന്ധിച്ച വിശദാംശങ്ങൾ ഓഡിറ്റിൽ ലഭ്യമാക്കേണ്ടതുമാണ്.

# 3-3 ബ്ലോക്ക് പഞ്ചായത്ത് കമ്മറ്റിഹാൾ നവീകരണം- അപാകതകൾ

| | |
|---|---|
| പ്രൊജക്ട് നം. | S.035/17 |
| അടങ്കൽ തുക | രൂ.10,00,000(മെയിന്റനൻസ് ഗ്രാന്റ്- നോൺ റോഡ്) |
| ചെലവുവിവരം | ബിൽ നം.2/AEE/LSGD/16.3.17- രൂ.476508(അഡ്വാൻസ്)<br>ബിൽ നം.12/AEE/LSGD/30.3.17- രൂ.43944<br>520452 |

ബ്ലോക്ക് പഞ്ചായത്ത് കമ്മറ്റി ഹാൾ നവീകരിക്കുന്നതിന്റെ ഭാഗമായി, ജി.ഓ (ആർ.ടി) 40/2016/SPD തീയതി 28.7.16 പ്രകാരം റബ്കോയിൽ നിന്ന് ഫർണീച്ചറുകൾ വാങ്ങുന്നതിന് 16.1.17-ലെ കമ്മറ്റി തീരുമാനിച്ചിരുന്നു. തുടർന്ന്, റബ്ക്കോയ്ക്ക് 476508രൂപ മുൻകൂറായി അനുവദിച്ചുകൊണ്ട് അസി.എക്സി.എഞ്ചിനീയർ 4.3.17-ൽ 1/AEE/LSGD- നമ്പരായി പ്രൊസീഡിംഗ്സ് തയ്യാറാക്കുകയും, 16.3.17-ലെ ബിൽ പ്രകാരം 476508രൂപ ട്രഷറിയിൽ നിന്ന് പിൻവലിച്ച് റബ്ക്കോയ്ക്ക് നൽകുകയും ചെയ്തു. സ്റ്റേജ്, ഡയസ്, പോഡിയം, എക്സിക്യൂട്ടീവ് ചെയറുകൾ, കതക്, ഭിത്തി പാനലിംഗ്, കോൺഫറൻസ് ടേബിളുകൾ എന്നിവയുടെ ആകെ വിലയായ 595635രൂപയുടെ 80% ആയ 476508രൂപയാണ് റബ്ക്കോയ്ക്ക് അഡ്വാൻസായി നൽകിയത്. കൂടാതെ, ഹാളിൽ മെയിന്റനൻസ് പ്രവൃത്തികൾ ചെയ്തതിന് ശ്രീ.ജോൺ.സി.തോമസ് എന്നയാൾക്ക് പ്രതിഫലം നൽകുന്നതിനായി 43944രൂപയും പിൻവലിച്ച് ചെലവുചെയ്തിട്ടുണ്ട്. മേൽ പ്രവൃത്തികളെല്ലാം നിർവ്വഹിച്ചിട്ടുണ്ടെങ്കിലും, ഫയലും അനുബന്ധരേഖകളും പരിശോധിച്ചതിൽ നിന്നും ശ്രദ്ധയിൽ പെട്ട അപാകതകൾ ചുവടെ പറയുന്നു.

1. ജി.ഒ.(എം.എസ്.)4/2016/ത.സ്വ.ഭ.വ/11.1.16-നമ്പർ പദ്ധതി മാർഗരേഖ ഉത്തരവിൽ, പദ്ധതിയിൽ ഉൾപ്പെടുത്തുന്ന പ്രോജക്ടുകളുടെ നിർവ്വഹണത്തിനായി മുൻകൂർ നൽകുന്നത്, ധനകാര്യ വകുപ്പിന്റെ 12.04.06-ലെ 177/06/ധന- നമ്പർ ഉത്തരവിലെ വ്യവസ്ഥകൾക്കു വിധേയമായും അതിൽ പറഞ്ഞിരിക്കുന്ന ഇനങ്ങൾക്ക് മാത്രവുമായിരിക്കുമെന്ന് പറഞ്ഞിട്ടുണ്ട്. എന്നാൽ റബ്ക്കോയ്ക്ക് തുക മുൻകൂർ നൽകുന്നതിന് നിലവിൽ സർക്കാർ അനുമതി ഇല്ല. അനുമതിയില്ലാതെ മുൻകൂർ നൽകിയ നടപടി ക്രമവിരുദ്ധമാണ്.

2. റബ്കോയുമായി എഗ്രിമെന്റ് വെച്ചിട്ടില്ല. ഏതു തീയതിയ്ക്കകം പ്രവൃത്തി പൂർത്തികരിക്കും എന്ന് കരാർ വെയ്ക്കാതെയാണ് അഡ്വാൻസ് നൽകിയത്. ആയത് ഗുരുതരമായ അപാകതയാണ്.

3. അസി.എക്സി.എഞ്ചിനീയറുടെ 4.3.17-ലെ പ്രൊസീഡിംഗ്സ് നം.1/AEE/LSGD-പ്രകാരമാണ് റബ്കോയ്ക്ക് അഡ്വാൻസ് നൽകിയത്. പ്രൊക്യൂർമെന്റ് കമ്മറ്റി തീരുമാനം നം.1/ 17.1.17 പ്രകാരം റബ്കോയുടെ ക്വട്ടേഷൻ അംഗീകരിച്ചുവെന്ന് പ്രസ്തുത പ്രൊസീഡിംഗ്സിൽ പരാമർശിച്ചിട്ടുണ്ട്. എന്നാൽ പ്രൊക്യൂർമെന്റ് കമ്മറ്റിയുടെ മിനിറ്റ്സിൽ ഇങ്ങനെയൊരു തീരുമാനമേയില്ല. പ്രൊക്യൂർമെന്റ് കമ്മറ്റി അവസാനമായി കൂടിയത് 16.9.15-ലാണ്.

4. റബ്കോയ്ക്ക് അഡ്വാൻസ് തുക നൽകിയതിന്റെ കൈപ്പറ്റുരസീത് ലഭ്യമാക്കിയിട്ടില്ല.

മേൽപറഞ്ഞ കാരണങ്ങളാൽ 520452രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. അപാകതകൾക്ക് വിശദീകരണം നൽകേണ്ടതും രേഖകൾ ഓഡിറ്റിൽ ഹാജരാക്കേണ്ടതുമാണ്.

# 3-4 ട്രഷറി ബിൽ ബുക്ക് പ്രകാരം കാഷ് ചെയ്തതായി കാണിച്ചിരിക്കുന്ന തുകയുടെ ചെലവുവിവരമില്ല

അസി.എക്സി.എഞ്ചിനീയർ നിർവ്വഹിച്ച പ്രൊജക്ടുകളുമായി ബന്ധപ്പെട്ട് ട്രഷറി ബിൽ ബുക്ക് പരിശോധിച്ചതിൽ, ബിൽ നം.4/AEE/LSGD/തീയതി 29.3.17- പ്രകാരം 469803രൂപ ട്രഷറി ഓഫീസർ പാസ്സാക്കിയതായും കാഷ് ചെയ്തതായും രേഖപ്പെടുത്തിയിരിക്കുന്നു. എന്നാൽ ഇപ്രകാരമൊരു ചെലവ് കാഷ്ബുക്കിലോ സുലേഖാ സോഫ്റ്റ് വെയറിലെ ചെലവുപത്രികയിലോ ഉൾപ്പെടുത്തിയിട്ടില്ല. ആയത് സംബന്ധിച്ച് അന്വേഷിച്ചതിൽ, പ്രസ്തുത ബില്ല് ട്രഷറിയിൽ സമർപ്പിച്ചിരുന്നുവെങ്കിലും 2016-17-ൽ പാസ്സാക്കി നൽകിയിരുന്നില്ല എന്നും ബിൽ ബുക്കിൽ ക്യാൻസൽ ചെയ്ത് വാങ്ങാൻ വിട്ടുപോയതാണെന്നും 2017-18 വർഷം ബില്ല് വീണ്ടും ട്രഷറിയിൽ സമർപ്പിച്ച് പാസ്സാക്കിയിട്ടുണ്ടെന്നുമാണ് നിർവ്വഹണ ഉദ്യോഗസ്ഥനായിരുന്ന റിട്ട.അസി.എക്സി. എഞ്ചിനീയർ ഓഡിറ്റിൽ അറിയിച്ചത്. ബില്ല് 2016-17 വർഷം പാസ്സാക്കിയിരുന്നില്ലെങ്കിൽ, ബിൽ ബുക്കിലെ രേഖപ്പെടുത്തൽ ട്രഷറി ഓഫീസറെക്കൊണ്ട് ക്യാൻസൽ ചെയ്ത് വാങ്ങി ഓഡിറ്റിൽ ഹാജരാക്കണമെന്ന് നിർദ്ദേശം നൽകിയെങ്കിലും ഓഡിറ്റ് തീരുന്ന ദിവസം വരെയും പ്രസ്തുത എൻട്രി ട്രഷറിയിൽ നിന്നും ക്യാൻസൽ ചെയ്ത് വാങ്ങുകയോ ഓഡിറ്റിൽ ബോധ്യപ്പെടുത്തുകയോ ചെയ്തില്ല. പ്രസ്തുത വിഷയത്തിൽ അടിയന്തിര നടപടികൾ സ്വീകരിച്ച് വിവരം ബന്ധപ്പെട്ട രേഖകൾ സഹിതം ഓഡിറ്റിൽ ബോധ്യപ്പെടുത്തേണ്ടതാണ്.

# 3-5 മരുതിക്കുഴി വഞ്ചിയപ്പാറ റോഡ് പ്രവൃത്തി- എം.ബുക്കിൽ രേഖപ്പെടുത്തിയിരിക്കുന്ന കനത്തിൽ കോൺക്രീറ്റിംഗ് നടത്തിയിട്ടില്ല

| | |
|---|---|
| പ്രൊജക്ട് നം., പേര് | S.030/17- മരുതിക്കുഴി വഞ്ചിയപ്പാറ റോഡ് കോൺക്രീറ്റിംഗ് (കോട്ടാങ്ങൽ) |
| അടങ്കൽ തുക | രൂ.600000(വികസനഫണ്ട്) |
| കരാറുകാരൻ | ശ്രീ.ഹരിലാൽ.പി.ജെ, പ്ലാച്ചേരിമണ്ണിൽ, വെള്ളിയറ |
| ചെലവുവിവരം | ബിൽ നം.3/AEE/LSGD/16.3.17- രൂ.414590 |

പ്രവൃത്തിയുടെ 3-ാം ഇനമായി 1:4:8 കോൺക്രീറ്റിംഗ് 10cm കനത്തിലും, തുടർന്ന് 1:2:4 കോൺക്രീറ്റിംഗ് 10cm കനത്തിലും (ആകെ 20cm) ചെയ്തതായാണ് 5/16-17-ാം നമ്പർ എം.ബുക്കിൽ രേഖപ്പെടുത്തിയിരിക്കുന്നത്. മേൽപറഞ്ഞ കനത്തിൽ കോൺക്രീറ്റിംഗ് നടത്തുന്നതിനാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയതും. എന്നാൽ, ഓഡിറ്റ് വേളയിൽ പ്രവൃത്തി സ്ഥലത്ത് നടത്തിയ ഭൗതിക പരിശോധനയിൽ, രണ്ടിനം കോൺക്രീറ്റിംഗും ചേർത്ത് പരമാവധി 15cm കനം മാത്രമേയുള്ളുവെന്ന് ബോധ്യപ്പെട്ടു. (നിർവ്വഹണ ഉദ്യോഗസ്ഥനായിരുന്ന റിട്ട.അസി.എക്സി. എഞ്ചിനീയറുടെ സാന്നിദ്ധ്യത്തിൽ സ്ഥലപരിശോധന നടത്തി മഹസ്സർ തയ്യാറാക്കിയിട്ടുണ്ട്). 1:4:8 കോൺക്രീറ്റിംഗിന്റെ കനം പുറമെയുള്ള കാഴ്ചയിൽ ബോധ്യപ്പെടാത്ത സാഹചര്യത്തിൽ ഓരോയിനം കോൺക്രീറ്റിംഗും എത്ര കനത്തിൽ ചെയ്തു എന്ന് വ്യക്തമല്ല. എങ്കിലും പലയിടത്തും വളരെ കുറഞ്ഞ കനമേയുള്ളുവെന്നും വ്യക്തമായിട്ടുണ്ട്.

കരാറുകാരൻ ചെയ്യാത്ത പ്രവൃത്തിയുടെ അളവിന് തുക നൽകിയിട്ടുണ്ടെന്ന് വ്യക്തമാണ്. കോൺക്രീറ്റിംഗിന്റെ യഥാർത്ഥ കനം എത്രയാണെന്ന് ഉറപ്പുവരുത്താൻ വിശദമായ സാങ്കേതിക പരിശോധന ആവശ്യമാണ്. ആയതു സംബന്ധിച്ച് എൽ.എസ്.ജി.ഡി. എക്സിക്യൂട്ടീവ് എഞ്ചിനീയർ തലത്തിൽ വിശദമായ പരിശോധനയ്ക്ക് ഓഡിറ്റിൽ ശുപാർശ ചെയ്യുന്നു. നിലവിലുള്ള അസി. എക്സി. എഞ്ചിനീയർ, ബ്ലോക്ക്പഞ്ചായത്ത് സെക്രട്ടറി, ഭരണസമിതി എന്നിവർ ഇക്കാര്യത്തിൽ തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

സാങ്കേതിക പരിശോധന നടത്തി റിപ്പോർട്ട് ലഭിയ്ക്കുന്നതുവരേയ്ക്കും ചെലവുതുക 414590/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. കരാറുകാരൻ ചെയ്യാത്ത പ്രവൃത്തികൾക്ക് തുക നൽകിയിട്ടുണ്ടെങ്കിൽ നഷ്ടം കരാറുകാരനിൽ നിന്നോ അല്ലാത്തപക്ഷം, എം.ബുക്കിൽ മെഷർമെന്റ് രേഖപ്പെടുത്തിയ ബ്ലോക്ക് അസിസ്റ്റന്റ് എഞ്ചിനീയർ ശ്രീ.ജിപ്സൺ ജോസ്, ചെക്ക് മെഷർമെന്റ് നടത്തിയ അസി.എക്സി.എഞ്ചിനീയർ ശ്രീ.സി.ജെ.പ്രസാദ് എന്നിവരിൽ നിന്നോ ഈടാക്കി ഒടുക്കുവരുത്തേണ്ടതാണ്.

# **3-6** മരാമത്ത് പ്രവൃത്തികൾ- ബില്ലിൽ നിന്നും സർവീസ് ടാക്സ് ഈടാക്കി

താഴെ പറയുന്ന കെട്ടിട നിർമ്മാണ / മെയിന്റനൻസ് പ്രവൃത്തികളിൽ 2016-17വർഷം വർക്ക് ബില്ലുകളിൽ നിന്നും സർവീസ് ടാക്സ് കുറവുചെയ്തിട്ടുണ്ട്. പുതിയ നിർമ്മാണപ്രവൃത്തികളിൽ, പ്രവൃത്തിമൂല്യത്തിന്റെ 6%-ഉം, മെയിന്റനൻസ് പ്രവൃത്തികളിൽ 10.5%-ഉം ആണ് ഇതിനായി എസ്റ്റിമേറ്റിൽ തുക വകയിരുത്തി ബില്ലുകളിൽ നിന്നും കുറവുചെയ്തത്. എന്നാൽ കേന്ദ്ര ധനകാര്യമന്ത്രാലയത്തിന്റെ 20.06.2012-ലെ 25/12 നമ്പർ വിജ്ഞാപനം, 01.03.2016 ലെ 9/2016-ാം നമ്പർ വിജ്ഞാപനം എന്നിവ പ്രകാരം തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ വാടകയ്ക്ക് നൽകുവാനോ വ്യവസായ/ വാണിജ്യ ആവശ്യങ്ങൾക്കായോ പണികഴിപ്പിക്കുന്ന കെട്ടിടങ്ങൾ ഒഴികെയുള്ളവയ്ക്ക് 2016-17 മുതൽ സേവനനികുതി ഒടുക്കേണ്ടതില്ല. 2016-17വർഷം നിർവ്വഹിച്ച താഴെ പറയുന്ന കെട്ടിട നിർമ്മാണ / മെയിന്റനൻസ് പ്രവൃത്തികളിൽ സർവീസ് ടാക്സ് ബിൽ തുകയിൽ നിന്നും ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്ത് ബ്ലോക്കുപഞ്ചായത്തിന്റെ സ്പെഷ്യൽ റ്റി.എസ്.ബി അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുകയാണ്. പ്രവൃത്തികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | പ്രവൃത്തി, കരാറുകാരൻ | ബിൽ നം., തീയതി, തുക | ഈടാക്കിയ സർവീസ് ടാക്സ് |
|---|---|---|---|
| 1) | S.047/17-വനിതാ കാർഷിക സംഭരണ വിതരണകേന്ദ്രം കെട്ടിടനിർമ്മാണം.<br>(ശ്രീ.കെ.എം.ജോസഫ്) | നം.1/AEE/28.2.17-രൂ.1009613(ആദ്യ പാർട്ട് ബില്ല്) &<br>നം.13/AEE/30.3.17-രൂ.398233(രണ്ടാം പാർട്ട് ബില്ല്) | 57148+<br>23894<br>=81042 |
| 2) | S.032/17-മല്ലപ്പള്ളി താലൂക്ക് ഹോസ്പിറ്റൽ ഐ.പി.ബ്ലോക്ക് കെട്ടിടം മെയിന്റനൻസ്.<br>(ശ്രീ.കെ.എം.യോഹന്നാൻ) | നം.14/AEE/30.3.17-രൂ.273707 | 26008 |
| 3) | S.042/17-കല്ലൂപ്പാറ സി.എച്ച്.സി കെട്ടിടം പുനരുദ്ധാരണം.<br>(ശ്രീ.കെ.എം.യോഹന്നാൻ) | നം.7/AEE/30.3.17-രൂ.241062 | 22906 |
| 4) | S.033/17-ഐ.സി.ഡി.എസ്& മഹിളാ യൂണിയൻ മന്ദിരം കെട്ടിടം മെയിന്റനൻസ്.<br>(ശ്രീ.ഓ.എം.മാത്യു) | നം.8/AEE/30.3.17-രൂ.408605 | 38827 |
| | ആകെ | | 168783 |

ഇതിൽ ക്രമ നം. 1 പ്രകാരമുള്ള പ്രവൃത്തി വ്യവസായ/ വാണിജ്യ ആവശ്യത്തിനുള്ളതാകയാൽ 81042രൂപ സേവനനികുതിയായി ഒടുക്കുവരുത്തേണ്ടതും, ബാക്കി പ്രവൃത്തികളിൽ ഈടാക്കി ബ്ലോക്കുപഞ്ചായത്ത് ഫണ്ടിൽ സൂക്ഷിച്ചിരിക്കുന്ന തുകകൾ തിരികെ കൺസോളിഡേറ്റഡ് ഫണ്ടിൽ ഒടുക്കുകയും ചെയ്യേണ്ടതാണ്.

# 3-7 ചെക്ക് മെഷർമെന്റ് നടത്താതെ ബില്ല് പാസ്സാക്കി തുക ചെലവഴിച്ചു

| | |
|---|---|
| പ്രൊജക്ട് നം., പേര് | S.042/17-കല്ലൂപ്പാറ സി.എച്ച്.സി കെട്ടിടം പുനരുദ്ധാരണം |
| അടങ്കൽ തുക | രൂ.293404(മെയിന്റനൻസ് ഗ്രാന്റ്- നോൺ റോഡ്) |
| എം.ബുക്ക് നം. | 1/16-17 |
| കരാറുകാരൻ | ശ്രീ.കെ.എം.യോഹന്നാൻ, കരിമ്പിൽ പീടികയിൽ |
| ചെലവുവിവരം | ബിൽ നം.7/AEE/LSGD/30.3.17-രൂ.241062<br>ബിൽ നം.9/AEE/LSGD/30.3.17-രൂ. 1757<br>ബിൽ നം.11/AEE/LSGD/30.3.17-രൂ.26900<br>269719 |

പ്രസ്തുത പ്രവൃത്തിയിൽ, അസിസ്റ്റന്റ് എഞ്ചിനീയർ എം.ബുക്കിൽ രേഖപ്പെടുത്തിയ മെഷർമെന്റുകൾ ചെക്ക് മെഷർ ചെയ്യാതെയാണ് ബില്ല് പാസ്സാക്കി കരാറുകാരന് പ്രതിഫലം നൽകിയത്. എം.ബുക്കിന്റെ അവസാന പേജിൽ (പേജ് നം.23), മെമ്മോറാണ്ടം ഓഫ് പേയ്മെന്റിനു താഴെ അസി.എക്സി.എഞ്ചിനീയർ ഒപ്പ് രേഖപ്പെടുത്തി ബില്ല് മാറുകയായിരുന്നു. ആയത് ശരിയായ നടപടിയല്ല. ശരിയായ നടപടിക്രമങ്ങൾ പാലിക്കാതെ ബില്ല് പാസ്സാക്കി നൽകിയ സാഹചര്യത്തിൽ 269719രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. പ്രസ്തുത നടപടികൾക്ക് വിശദീകരണം നൽകേണ്ടതാണ്. യഥാർത്ഥത്തിൽ ചെക്ക് മെഷർമെന്റ് നടത്തിയിട്ടുണ്ടെങ്കിൽ ആയത് എന്നാണെന്ന് രേഖകൾ സഹിതം ഓഡിറ്റിൽ ബോധ്യപ്പെടുത്തേണ്ടതാണ്.

# 3-8 കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ കെട്ടിടം ശോച്യാവസ്ഥയിൽ

ബ്ലോക്ക് പഞ്ചായത്തിന്റെ അധീനതയിലുള്ള കല്ലൂപ്പാറ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ കിടത്തി ചികിത്സയ്ക്കായി വേർതിരിച്ചിരുന്ന കെട്ടിടം ശോച്യാവസ്ഥയിൽ തുടരുന്നു. എല്ലാ സി.എച്ച്.സി-കളിലും കിടത്തിച്ചികിത്സയ്ക്കുള്ള സൗകര്യം ഉണ്ടാകേണ്ട സാഹചര്യത്തിൽ, കല്ലൂപ്പാറ സി.എച്ച്.സി-യിൽ ഇതിനുള്ള സൗകര്യം ഒരുക്കാത്തതു മൂലം വർഷങ്ങളായി രോഗികൾക്ക് ബുദ്ധിമുട്ട് ഉണ്ടാക്കുന്ന സ്ഥിതിയാണുള്ളത്. ആയതിനാൽ സി.എച്ച്.സി കൊണ്ടുള്ള പ്രയോജനം പൊതുജനങ്ങൾക്ക് പൂർണ്ണമായി ലഭിക്കുന്നില്ല. മുൻ ഓഡിറ്റ് റിപ്പോർട്ടിൽ (ഖണ്ഡിക 1-7) ഈ വിഷയം ബ്ലോക്ക് പഞ്ചായത്തധികാരികളുടെ ശ്രദ്ധയിൽ പെടുത്തിയിട്ടും നാളിതുവരെയും യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല. ഒരു കെട്ടിടത്തിന്റെ മേൽക്കൂര ഭാഗികമായി തകർന്ന അവസ്ഥയിലാണ്. കെട്ടിടം ചോർന്നൊലിക്കുന്ന അവസ്ഥയിലും, സാമൂഹ്യവിരുദ്ധർ കൈയ്യടക്കിയ നിലയിലുമാണ്. ഈ വസ്തുതകൾ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കൂടി ബ്ലോക്ക്പഞ്ചായത്തധികാരികളെ അറിയിച്ചിട്ടും യാതൊരു പരിഹാര നടപടികളും സ്വീകരിക്കാതിരിക്കുന്നത് ഗുരുതരമായ വീഴ്ചയാണ്.

നിലവിലുള്ള കെട്ടിടം മെയിന്റനൻസ് നടത്തി ഉപയോഗപ്രദമാക്കുന്നതിനോ, ആയത് അസാദ്ധ്യമെങ്കിൽ പുതിയ കെട്ടിടം പണിയുന്നതിനോ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 3-9 പാലിയേറ്റീവ് കെയർ പദ്ധതിമാർഗരേഖയ്ക്ക് വിരുദ്ധമായി വാഹനവാടകയ്ക്കായി അധികം തുക

## ചെലവഴിച്ചു

| | |
|---|---|
| പ്രോജക്ട് | 17/17- പാലിയേറ്റീവ് കെയർ |
| അടങ്കൽ | 380000 (വികസനഫണ്ട്) |
| ചെലവ് തുക | 379770 (വികസനഫണ്ട്) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, താലൂക്ക് ഹോസ്പിറ്റൽ |

പാലിയേറ്റീവ് കെയർ പദ്ധതിമാർഗരേഖയ്ക്ക് വിരുദ്ധമായി 29100 രൂപ വാഹനവാടക ഇനത്തിൽ അധികമായി ചെലവഴിച്ചിട്ടുണ്ട്. ഹോം കെയർ ടീമിന്റെ യാത്രയ്ക്ക് പ്രതിദിനവാടക 900 രൂപയും വെയിറ്റിംഗ് ചാർജായി 300രൂപയും ചെലവഴിച്ചിട്ടുണ്ട്. ഹാജരാക്കിയ ട്രിപ്പ് ഷീറ്റുകളുടെ പകർപ്പുകൾ പ്രകാരം ഹോംകെയറിനായി ഒരു ദിവസം 25 കിലോമീറ്ററിനും 34 കിലോമീറ്ററിനും ഇടയിലുള്ള ദൂരമാണ് വാഹനം ഓടിയിട്ടുള്ളത്. പാലിയേറ്റീവ് പരിചരണ മാർഗരേഖ ( ജി.ഒ.(ആർ.ടി.) 3217/2015 ത.സ്വ.ഭ.വ. തീയതി 29.10.2015) ഖണ്ഡിക 2.6.5 പ്രകാരം വാഹനം വാടകയ്ക്ക് എടുക്കുമ്പോൾ 25-34 കിലോമീറ്റർ വരെയുള്ള യാത്രക്ക് നൽകാവുന്ന പരമാവധി പ്രതിദിന വാടക 900 രൂപ മാത്രമാണ്. എന്നാൽ ഇതിനു പുറമേ 300 രൂപ വീതം വെയിറ്റിംഗ് ചാർജായി നൽകിയിട്ടുണ്ട്. തൻവർഷം ഈയിനത്തിൽ 97 ദിവസത്തേക്ക് ആകെ 29100 രൂപ അധികമായി നൽകിയിട്ടുണ്ട്. ചെലവിന്റെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | ബിൽ നം/ വൗച്ചർ നം, തീയതി | ആകെ ബിൽ തുക | ഹോം കെയർ ദിവസങ്ങളുടെ എണ്ണം | വാഹനവാടക ഇനത്തിൽ നൽകിയ തുക (900+300 നിരക്കിൽ) | അനുവദനീയമായ തുക (900രൂപ നിരക്കിൽ) | അധികം നൽകിയ തുക |
|---|---|---|---|---|---|---|
| 1 | 1/16-17, 26.10.16 | 56320 | 40 | 48000 | 36000 | 12000 |
| 2 | 5/16-17, 18.11.16 | 11600 | 8 | 9600 | 7200 | 2400 |
| 3 | 17/16-17, 23.02.17 | 34800 | 24 | 28800 | 21600 | 7200 |
| 4 | 23/16-17, 17.03.17 | 36250 | 25 | 30000 | 22500 | 7500 |
| ആകെ അധികം നൽകിയ തുക | | | | | | 29100 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 04/2016-17 തീയതി 23-10-2017) ലഭ്യമാക്കിയ മറുപടിയിൽ മാർഗരേഖയിൽ ഖണ്ഡിക 2.6.5.3 ൽ എൻ.ബി. ആയി വെയിറ്റിംഗ് ചാർജ് നൽകുന്നതിന് നിർദ്ദേശമുണ്ട് എന്നാണ് പറഞ്ഞിട്ടുള്ളത്. എന്നാൽ പദ്ധതിമാർഗരേഖയിലെ ഖണ്ഡിക 2.6.5 ൽ 25-34 കി.മീ.ന് നൽകാവുന്ന പരമാവധി ദിവസ വാടക 900 രൂപ മാത്രമാണെന്ന് പറഞ്ഞിട്ടുണ്ട്. ഇതോടൊപ്പം ചേർത്തിട്ടുള്ള കുറിപ്പിൽ 1000 സി.സി.യിൽ താഴെയുള്ള മോട്ടോർകാറിന് ഗതാഗതവകുപ്പ് അംഗീകരിച്ച നിരക്ക് കിലോമീറ്ററിന് 12 രൂപയും വെയിറ്റിംഗ് ചാർജ് മണിക്കൂറിന് 50 രൂപയുമാണെന്ന് പറഞ്ഞിട്ടുണ്ട്. ഇത് വാഹനം ഓടുന്ന കിലോമീറ്ററിന്റെ അടിസ്ഥാനത്തിൽ വാടക നൽകുമ്പോൾ നൽകാവുന്ന നിരക്കാണ്. ഇവിടെ ഒരു ദിവസത്തെ വാടകയ്ക്കാണ് വാഹനം എടുത്തിട്ടുള്ളതിനാൽ വെയിറ്റിംഗ് ചാർജിനത്തിൽ നൽകിയ 29100 രൂപ ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ടി തുക നിർവ്വഹണ ഉദ്യോഗസ്ഥനായ മെഡിക്കൽ ഓഫിസറിൽ നിന്നും ഈടാക്കി സർക്കാർ ഫണ്ടിലടവാക്കേണ്ടതാണ്.

# 3-10 താലൂക്കാശുപത്രിക്ക് മരുന്നും ഉപകരണങ്ങളും ലഭിക്കാനവശേഷിക്കുന്നു.

ഓഡിറ്റ് വർഷം താലൂക്ക് ഹോസ്പിറ്റലിലേക്ക് മരുന്നുകളും ഉപകരണങ്ങളും വാങ്ങുന്നതിന് കെ.എം.എസ്.സി.എൽ -ന് മുൻകൂർ തുക നൽകിയിട്ടിട്ടുണ്ട്. എന്നാൽ ലഭ്യമാക്കിയ ബില്ലുകൾ പ്രകാരം മരുന്നുകൾ പൂർണ്ണമായി ലഭിച്ചിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| പ്രോജക്റ്റ് നം. | പ്രോജക്റ്റിന്റെ പേര്, | മരുന്നു വാങ്ങുന്നതിന് ചെലവഴിച്ച തുക | ട്രഷറി ബിൽ നം. | തുക കൈപ്പറ്റിയ സ്ഥാപനം | ലഭിച്ച മരുന്നിന്റെ വില | ലഭിക്കാൻ അവശേഷിക്കുന്ന മരുന്നിന്റെ വില |
|---|---|---|---|---|---|---|
| 16/17 | മല്ലപ്പള്ളി താലൂക്കാശുപത്രിക്ക് മരുന്നു വാങ്ങി നൽകൽ | 400000 | 7/16-17/ 18.12.16<br>14/16-17/ 23.01.17 | കെ.എം. എസ്. സി. എൽ. | 150136 | 249864 |
| 17/17 | പാലിയേറ്റീവ് കെയർ | 150000 | 8/16-17/ 18.12.16 | കെ.എം. എസ്. സി.എൽ. | 147890 | 2110 |
| | | 90800 | 11/16-17/ 23.12.16 | കെ.എം. എസ്. സി.എൽ. | 22450 | 68350 |
| 59/17 | മല്ലപ്പള്ളി താലൂക്കാശുപത്രിക്ക് മെഡിക്കൽ ഉപകരണങ്ങൾ വാങ്ങൽ | 25439 | 24/16-17/ 27.03.17 | കെ.എം.എസ്. സി.എൽ. | 18518 | 6921 |
| | | | | ആകെ | | 327245 |

327245 രൂപയുടെ മരുന്നും ഉപകരണങ്ങളും ലഭിക്കാനവശേഷിക്കുന്നു. ആരോഗ്യവകുപ്പ് മുഖേന മതിയായ അളവിൽ മരുന്ന് ലഭിക്കാതിരിക്കുന്ന സാഹചര്യത്തിലാണ് അത്യാവശ്യ മരുന്നുകൾ വാങ്ങുന്നതിന് പദ്ധതി ആവിഷ്കരിച്ച് തുക ചെലവഴിക്കുന്നത്. ഈ സാഹചര്യത്തിൽ മരുന്നുകൾ യഥാസമയം ലഭിക്കാതിരിക്കുന്നത് ആശുപത്രിയുടെ സുഗമമായ പ്രവർത്തനത്തെ പ്രതികൂലമായി ബാധിക്കും. ഈ വിഷയത്തിൽ ഭരണസമിതിയുടെ അടിയന്തിരശ്രദ്ധ ക്ഷണിക്കുന്നു. ആവശ്യമായ പരിഹാര നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 3-11 ബ്ലോക്ക് ഇൻഫർമേഷൻ സെന്റർ പ്രവർത്തനം ആരംഭിച്ചില്ല

ബ്ലോക്ക്പഞ്ചായത്ത് കമ്മിറ്റിയുടെ 07.12.2016 ലെ 3-ാം നമ്പർ തീരുമാനപ്രകാരം മല്ലപ്പള്ളി ബ്ലോക്ക്പഞ്ചായത്തിലെ ബ്ലോക്ക് ഇൻഫർമേഷൻ സെന്ററിന്റെ പ്രവർത്തനം പുനരാരംഭിക്കുന്നതിന്റെ ആദ്യപടിയായി കോനാട്ട് ഏജൻസീസിൽ നിന്നും എൽ.ഇ.ഡി. ടെലിവിഷൻ വാങ്ങാൻ 18900 രൂപ ബി.പി.എഫ്.എ-1-അക്കൗണ്ടിൽ നിന്നും ചെലവഴിച്ചിട്ടുണ്ട് (ബിൽ നമ്പർ-163/16-17 തീയതി 22.02.2017). ടി ടെലിവിഷന് കേബിൾ കണക്ഷന് വേണ്ടി 2000 രൂപയും ചെലവിട്ടിട്ടുണ്ട് (ബിൽ നമ്പർ 170/16-17 തീയതി 03.03.17).

എന്നാൽ ബ്ലോക്ക് ഇൻഫർമേഷൻ സെന്ററിന്റെ തുടർ പ്രവർത്തനത്തിനുള്ള യാതൊരു തുടർനടപടികളും സ്വീകരിച്ചിട്ടില്ല. ഇതിനു വേണ്ടി വാങ്ങിയ ടെലിവിഷൻ നിലവിൽ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെ മുറിയിൽ സ്ഥാപിച്ചിരിക്കുകയാണ്. പദ്ധതിയുടെ ഉദ്ദേശലക്ഷ്യം പൂർത്തീകരിക്കാത്തതിനാൽ ആകെ ചെലവുതുക 20900 രൂപ തടസ്സത്തിൽ വയ്ക്കുന്നു. ഇൻഫർമേഷൻ സെന്റർ പ്രവർത്തനം പുനരാരംഭിക്കുന്നതിന് ഫലപ്രദമായ നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

# 3-12 സമ്പൂർണ്ണ ശുചിത്വപരിപാടി ഫണ്ടിൽ നിന്നും താലൂക്കാശുപത്രിക്ക് നൽകിയ തുക തിരികെ ലഭിച്ചിട്ടില്ല.

ബ്ലോക്ക് പഞ്ചായത്ത് കമ്മിറ്റിയുടെ 19.04.2016 ലെ 3-ാം നമ്പർ തീരുമാനപ്രകാരം താലൂക്കാശുപത്രി സൂപ്രണ്ടിന് മാലിന്യനിർമ്മാർജനത്തിന് 100000 രൂപ നൽകിയിട്ടുണ്ട് (ചെക്ക് നമ്പർ 701731 തീയതി 02.05.2016). താലൂക്കാശുപത്രിയിലെ മാലിന്യനിർമ്മാർജനത്തിന് കരാറിലേർപ്പെട്ട ഇമേജ് എന്ന സ്ഥാപനത്തിന് നൽകാനുള്ള കുടിശികതുകയാണിത്. എച്ച്.എം.സി.യിൽ ആവശ്യത്തിന് ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് തിരികെ അടയ്ക്കണമെന്ന വ്യവസ്ഥയിലാണ് ടി തുക നൽകിയിരുന്നത്. 2016-17 ൽ മല്ലപ്പള്ളി താലൂക്കാശുപത്രിയിലെ ബയോമെഡിക്കൽ വേസ്റ്റ് നിർമ്മാർജ്ജനം (നമ്പർ 19/16-17)എന്ന പ്രോജക്ടിനായി വികസനഫണ്ടിൽ നിന്നും 80000 രൂപ ചെലവഴിച്ചിട്ടുണ്ട്. ഇതു കൂടാതെയാണ് റ്റി.എസ്.സി. ഫണ്ടിൽ നിന്നും 1 ലക്ഷം രൂപ നൽകിയിട്ടുള്ളത്. എന്നാൽ നാളിതുവരെ ടി തുക ഹോസ്പിറ്റൽ മാനേജിംഗ് കമ്മറ്റി തിരികെ അടവാക്കിയിട്ടില്ല. ആയത് തിരികെ ഈടാക്കി വിവരം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

# 3-13 താലൂക്ക് ആശുപത്രിയിലെ ആംബുലൻസിന്റെ ഇന്ധനച്ചെലവ്

മല്ലപ്പള്ളി താലൂക്കാശുപത്രിയിലെ കെ.എൽ.01-BV-481 നമ്പർ ആംബുലൻസിന്റെ ഇന്ധന ചെലവിലേക്ക് ജനറൽ പർപ്പസ് ഫണ്ടിൽ നിന്നും 7537 രൂപയും ട്യൂബ് ഫിറ്റിംഗിന് 700 രൂപയും ആശുപത്രി സൂപ്രണ്ടിന് നൽകിയിട്ടുണ്ട് (ബിൽ നമ്പർ 181/16-17 തീയതി 23.03.2017 ആകെ ബിൽ തുക 19069). ആംബുലൻസിന്റെ ഇന്ധനമുൾപ്പെടെയുള്ള ചെലവിന് എച്ച്.എം.സി.ഫണ്ട് ലഭ്യമായിരിക്കെ ഈയിനത്തിൽ തുക ചെലവഴിച്ചത് ശരിയായ നടപടിയല്ല. തുക ചെലവഴിച്ചത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. ഭാവിയിൽ ഈ ആവശ്യത്തിന് എച്ച്.എം.സി. ഫണ്ട് വിനിയോഗിക്കേണ്ടതാണ്.

# 3-14 പ്രീമെട്രിക് ഹോസ്റ്റലിന്റെ പ്രവർത്തനം നിലച്ചു

പട്ടികജാതി വികസനവകുപ്പിന്റെ കീഴിലുള്ളതും ബ്ലോക്ക് പഞ്ചായത്തിന്റെ നിയന്ത്രണത്തിലുള്ളതുമായ പ്രീമെട്രിക് ഹോസ്റ്റലിന്റെ പ്രവർത്തനം നിലച്ചു. 2004മുതൽ പ്രവർത്തിച്ചു കൊണ്ടിരുന്ന ഹോസ്റ്റലിൽ 2016-17വർഷം കുട്ടികളെ പ്രവേശിപ്പിച്ചിട്ടില്ല. ഹോസ്റ്റൽ കെട്ടിടത്തിന്റെ ചോർച്ച മൂലം ചുവരുകൾ നനയുകയും ആയതുമൂലം വയറിംഗിന് തകരാർ സംഭവിക്കുകയും ഷോക്ക് ഏൽക്കുന്ന അവസ്ഥ ഉണ്ടാകുകയും ചെയ്ത സാഹചര്യത്തിലാണ് ഹോസ്റ്റലിന്റെ പ്രവർത്തനം നിർത്തി വയ്ക്കേണ്ടി വന്നതെന്ന് പട്ടികജാതി വികസന ഓഫീസർ അറിയിച്ചു. പട്ടികജാതി വികസനവകുപ്പിന്റെ ഫണ്ട് ഉപയോഗിച്ച് കെട്ടിടത്തിന്റെ മെയിന്റനൻസ് നടത്തിവരുന്നതായും ഓഡിറ്റിൽ അറിയിക്കുകയുണ്ടായി. അറ്റകുറ്റപ്പണികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനും ഹോസ്റ്റലിന്റെ പ്രവർത്തനം പുനരാരംഭിക്കുന്നതിനും ഭരണസമിതിയും ബ്ലോക്കു പഞ്ചായത്ത് അധികാരികളും സത്വര ശ്രദ്ധ പതിപ്പിക്കേണ്ടതാണ്.

# 3-15 ഐ.സി.ഡി.എസ് & മഹിളാ യൂണിയൻ

## മന്ദിരം കെട്ടിടം മെയിന്റനൻസ്- അപാകതകൾ

| | |
|---|---|
| പ്രൊജക്ട് നം. | S.033/17 |
| അടങ്കൽ തുക | രൂ.500000(മെയിന്റനൻസ് ഫണ്ട്- നോൺ റോഡ്) |
| കരാറുകാരൻ | ശ്രീ.ഓ.എം.മാത്യു, ഉറുമ്പിക്കുന്നേൽ |
| എം.ബുക്ക് നം. | 8/16-17 |
| ചെലവുവിവരം | ബിൽ നം.8/AEE/LSGD/30.3.17- രൂ.408605 |

സി.ഡി.പി.ഓ- യുടെ ഓഫീസ് പ്രവർത്തിക്കുന്ന കെട്ടിടത്തിലും ബ്ലോക്ക് പഞ്ചായത്തിന്റെ ഭാഗമായുള്ള കെട്ടിടത്തിലും മെയിന്റനൻസ് നടത്തുന്നതിനായി ആവിഷ്കരിച്ച പദ്ധതിയുടെ ഫയലും അനുബന്ധരേഖകളും പരിശോധിച്ചതിൽ നിന്നും ശ്രദ്ധയിൽ പെട്ട അപാകതകൾ താഴെ പറയുന്നു.

1. ബ്ലോക്ക് പഞ്ചായത്തിന് വിട്ടുകിട്ടിയ സ്ഥാപനങ്ങളുടെ കെട്ടിടത്തിലെ മെയിന്റനൻസിനായി മെയിന്റനൻസ് ഗ്രാന്റ് വിനിയോഗിക്കാമെങ്കിലും, ബ്ലോക്ക് പഞ്ചായത്തിന്റെ ആസ്ഥിയായിരുന്ന പഴയ കെട്ടിടത്തിലും ഈ ഫണ്ട് വിനിയോഗിച്ച് മെയിന്റനൻസ് പ്രവൃത്തികൾ നടത്തിയിട്ടുണ്ട്. ഓഫീസിന്റെ ഭാഗമായിരുന്ന കെട്ടിടത്തിന്റെ പഴയ ഓട്ടുകൾ മാറ്റി ജി.ഐ.ഷീറ്റ് ഇടുന്നതിനും പെയിന്റിംഗ് നടത്തുന്നതിനും മുറ്റം കോൺക്രീറ്റ് ചെയ്ത് ടൈൽസ് ഇടുന്നതിനും മെയിന്റനൻസ് ഗ്രാന്റ് വിനിയോഗിച്ച നടപടി ശരിയല്ല.

2. പ്രവൃത്തിയുടെ ഒന്നാം ഇനമായി പഴയ ഓട്ടുകൾ നീക്കം ചെയ്തതായി രേഖപ്പെടുത്തിയിരിക്കുന്നു. (100.8m2). എന്നാൽ നീക്കം ചെയ്ത ഓട്ടുകൾ സ്റ്റാക്ക് ചെയ്തതായി എം.ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല. ഇതിന്റെ വാല്യവേഷൻ നടത്തുകയോ ലേലം ചെയ്ത് തുക മുതൽ കൂട്ടുകയോ ചെയ്തിട്ടില്ല. ബ്ലോക്ക് പഞ്ചായത്തിന്റെ ആവശ്യത്തിന് ഇത് വീണ്ടും ഉപയോഗിക്കാനായി ബ്ലോക്കു പഞ്ചായത്ത് പരിസരത്ത് സൂക്ഷിച്ചിട്ടുണ്ട്. എന്നാൽ ബ്ലോക്ക് പഞ്ചായത്തിന്റെ സ്റ്റോക്ക് രജിസ്റ്ററിൽ ഇവയുടെ വിശദാംശങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല.

3. പ്രവൃത്തിയുടെ ഭാഗമായി, ഉറസ്സായി കിടന്ന ഒരു ഭാഗത്ത് ഇൻഫർമേഷൻ കേന്ദ്രം ആരംഭിക്കുന്നതിനായി ജി.ഐ.ഷീറ്റ് റൂഫിംഗ് നടത്തിയിട്ടുണ്ട്. എന്നാൽ ആളുകൾക്ക് നിൽക്കാൻ തക്കവണ്ണം ആവശ്യമായ ഉയരം ഇല്ലാതെയാണ് പ്രസ്തുത ഭാഗത്ത് ഷീറ്റ് ഇട്ടിരിക്കുന്നത്. ആയത് പുനർനിർമ്മിക്കാതെ ഇൻഫർമേഷൻ കേന്ദ്രം ആരംഭിക്കുന്നത് ഉചിതമാവുകയില്ല.

മേൽപറഞ്ഞ കാരണങ്ങളാൽ ചെലവുതുക(408605രൂപ) ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. അപാകതകൾക്ക് വിശദീകരണം നൽകേണ്ടതും തുടർനടപടികളുടെ വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

# 3-16 പകൽവീട് 10 ലക്ഷം രൂപയുടെ വിനിയോഗസാക്ഷ്യപത്രം ലഭിച്ചിട്ടില്ല

പ്രോജക്ട് നമ്പർ 40/17 -വയോജനങ്ങൾക്ക് പകൽവീട് ബ്ലോക്ക് വിഹിതം വകയിരുത്തൽ എന്ന പദ്ധതി പ്രകാരം കുന്നന്താനം പഞ്ചായത്തിന് വികസനഫണ്ടിൽ നിന്നും 10 ലക്ഷം രൂപ സെക്രട്ടറി നൽകിയിട്ടുണ്ട് (ബിൽ നമ്പർ 5/16-17/26.11.16&18/1617/28.03.17). എന്നാൽ ഇതിന്റെ വിനിയോഗസാക്ഷ്യപത്രം ലഭിച്ചിട്ടില്ല. നിലവിൽ കെട്ടിടത്തിന്റെ സ്ട്രക്ചർ പൂർത്തീകരിച്ചിട്ടുണ്ടെന്നും ഇലക്ട്രിക്കൽ, പ്ലംബിംഗ് പ്രവൃത്തികൾ നടപ്പിലാക്കാനായി ഈ വർഷം സ്പിൽ ഓവർ പ്രോജക്ട് കുന്നന്താനം ഗ്രാമപഞ്ചായത്ത് ആവിഷ്കരിച്ചിട്ടുള്ളതായി എക്സിറ്റ് മീറ്റിംഗിൽ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് അറിയിച്ചിട്ടുണ്ട്. പ്രവൃത്തി പൂർത്തീകരിക്കുന്നതിനും വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കുന്നതിനും നടപടികൾ സ്വീകരിക്കേണ്ടതാണ്. വിനിയോഗസാക്ഷ്യപത്രം ലഭ്യമാകുന്നമുറയ്ക്ക് വിവരം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

## 3-17 അംഗനവാടികൾക്ക് കെട്ടിടനിർമ്മാണം- പ്രാരംഭ പ്രവർത്തനങ്ങൾ പോലും നടത്തിയിട്ടില്ല

അംഗനവാടികൾക്ക് കെട്ടിടനിർമ്മാണം വികസനഫണ്ട് വിഹിതം നൽകൽ എന്ന പദ്ധതിപ്രകാരം (നം. 37/17) എം.ജി.എൻ.ആർ.ഇ.ജി.എസ്. മിഷൻ ഡയറക്ടർക്ക് സെക്രട്ടറി 527697 രൂപ നൽകിയിട്ടുണ്ട് (ബിൽ നമ്പർ 7/16-17 തീയതി 22.02.17). തൊഴിലുറപ്പ് പദ്ധതിയുടെ ആഭിമുഖ്യത്തിൽ ബ്ലോക്ക് പഞ്ചായത്തിന്റെ പ്ലാൻഫണ്ട് വിഹിതവുമായി സംയോജിപ്പിച്ചുകൊണ്ട് നിർമ്മിക്കുന്ന അംഗൻവാടി കെട്ടിടങ്ങളുടെ നിർമ്മാണത്തിലേക്ക് വകയിരുത്തിയ ബ്ലോക്ക് വിഹിതമാണിത്. ടി തുക എം.ജി.എൻ.ആർ.ഇ.ജി.എസ്. മിഷൻ ഡയറക്ടറുടെ പേരിൽ തിരുവനന്തപുരം ജില്ലാട്രഷറിയിലുള്ള റ്റി.എസ്.ബി. അക്കൗണ്ടിൽ നിക്ഷേപിച്ചിരിക്കുകയാണ്. കോട്ടാങ്ങൽ ഗ്രാമപഞ്ചായത്തിലെ 88, 92 എന്നീ നമ്പർ അംഗനവാടികൾ നിർമ്മിക്കുന്നതിനാണ് ടി തുക നൽകിയിരുന്നത്. നിലവിൽ അംഗനവാടികൾ നിർമ്മിക്കാനുള്ള പ്രാരംഭപ്രവർത്തനങ്ങൾ പോലും നടന്നിട്ടില്ലായെന്ന് എക്സിറ്റ് മീറ്റിംഗിൽ സി.ഡി.പി.ഒ. അറിയിച്ചിട്ടുണ്ട്. പദ്ധതിയുടെ തുടർപ്രവർത്തനങ്ങൾ നിരീക്ഷിക്കേണ്ടതും പ്രവൃത്തി നടപ്പാക്കുന്നില്ലെങ്കിൽ തുക തിരികെ ഈടാക്കി സർക്കാർ ഫണ്ടിലടവാക്കാൻ നിലവിലെ സെക്രട്ടറി അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 3-18 സമഗ്രപുരയിടകൃഷി പദ്ധതി- യഥാർത്ഥബിൽ ഹാജരാക്കിയിട്ടില്ല

| | |
|---|---|
| പദ്ധതി | സമഗ്രപുരയിടകൃഷി |
| അടങ്കൽ | 49000(വികസനഫണ്ട്) |
| ചെലവ് | 36750(വികസനഫണ്ട്) |
| ബിൽ നമ്പർ/ തീയതി | 4/16-17 -26250/- തീയതി 28.03.2017<br>6/16-17 – 10500/- തീയതി 31.03.2017 |

കൃഷി അസിസ്റ്റന്റ് ഡയറക്ടർ നിർവ്വഹണം നടത്തിയ സമഗ്രപുരയിടകൃഷി (S0022/17) പദ്ധതി പ്രകാരം ഏഴ് കർഷക ഗ്രൂപ്പുകൾക്ക് വാഴവിത്ത്, ജൈവവളം എന്നിവയ്ക്ക് സബ്സിഡി നൽകിയിട്ടുണ്ട്. 28.03.2017ലെ ട്രഷറി ബിൽ നമ്പർ 4/16-17 പ്രകാരം 26250/-രൂപ പിൻവലിച്ചതിൽ നിന്നും ഓരോ ഗ്രൂപ്പിനും ജൈവവളത്തിന് സബ്സിഡിയിനത്തിൽ 3750/-രൂപ വീതം നൽകിയിട്ടുണ്ട്. അതിൽ കല്ലൂപ്പാറ ഗ്രാമപ്പഞ്ചായത്തിലെ നവജ്യോതി സംഘകൃഷി ഗ്രൂപ്പ് വളം വാങ്ങിയതിന്റെ ബില്ല് ഫയലിൽ സൂക്ഷിച്ചിട്ടില്ല. ആയത് ഹാജരാക്കേണ്ടതാണ്.

വാഴവിത്ത് വിതരണത്തിനായി 31.03.2017ലെ ട്രഷറി ബിൽ നമ്പർ 6/16-17 പ്രകാരം 10500/-രൂപ പിൻവലിച്ചിട്ടുണ്ട്. 14000/- രൂപയുടെള്ള പന്തളം ഷുഗർകെയ്ൻ സീഡ് ഫാമിന്റെ 15.02.2017-ലെ ഇൻവോയ്സ് നം.റ്റി.സി.02/16 മാത്രമാണ് ഫയലിൽ സൂക്ഷിച്ചിട്ടുള്ളത്. ആയതിന്റെ യഥാർത്ഥബിൽ ഹാജരാക്കേണ്ടതാണ്. 10500/- രൂപ ഷുഗർകെയ്ൻ സീഡ് ഫാമിനു നൽകിയതായോ ടി സ്ഥാപനം തുക കൈപ്പറ്റിയതായോയുള്ള രേഖകൾ ഹാജരാക്കിയിട്ടില്ല. 3500/-രൂപ ഗുണഭോക്തൃവിഹിതം തദ്ദേശസ്വയംഭരണസ്ഥാപനത്തിൽ അടയ്ക്കുന്നതായി പദ്ധതിയിൽ പറഞ്ഞിട്ടുണ്ടെങ്കിലും ആയത് രസീതുപ്രകാരം ഗുണഭോക്താക്കളിൽ നിന്ന് ഈടാക്കിയതിന്റെയോ ബ്ലോക്ക് പഞ്ചായത്തിൽ അടച്ചതിന്റെയോ രേഖകൾ ഹാജരാക്കിയിട്ടില്ല. നവജ്യോതി സംഘകൃഷി ഗ്രൂപ്പിന് വളം സബ്സിഡിയിനത്തിൽ നൽകിയതിന്റെ 3750/-രൂപയും പന്തളം ഷുഗർകെയ്ൻ സീഡ് ഫാമിന് വാഴവിത്ത് വിതരണത്തിനായി ചെലവഴിച്ച 10500/- രൂപയും ഉൾപ്പെടെ 14250/- രൂപ തടസ്സത്തിൽ വയ്ക്കുന്നു. രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കാത്ത പക്ഷം

ചെലവ് നിരാകരിക്കുന്നതും ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും തുക ഈടാക്കാൻ നടപടി സ്വീകരിക്കുന്നതുമാണ്.

# 3-19 വാഹനത്തിന്റെ റിപ്പയർ രജിസ്റ്റർ സൂക്ഷിക്കുന്നില്ല

| | |
|---|---|
| പ്രൊജക്ട് | ഐ.സി.ഡി.എസ് ജീപ്പ് മെയ്ന്റനൻസ് |
| അടങ്കൽ | 43677(മെയിന്റനൻസ് ഫണ്ട്,റോഡിതരം) |
| ചെലവ് | 43677(മെയിന്റനൻസ് ഫണ്ട്,റോഡിതരം) |
| ബിൽ നമ്പർ/ തീയതി | 1/16-17 തീയതി-24.10.2016 |

സി.ഡി.പി.ഒ നിർവ്വഹണം നടത്തിയ ഐ.സി.ഡി.എസ് ജീപ്പ് മെയിന്റനൻസ് (S0028/17) പദ്ധതി പ്രകാരം വാഹനത്തിന് അറ്റകുറ്റപ്പണി നടത്തിയിട്ടുണ്ട്. എന്നാൽ റിപ്പയർ രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല. ജി.ഓ(എം.എസ്)170/07/ത.സ്വ.ഭ.വ/30.6.07-പ്രകാരം, വാഹനങ്ങൾക്ക് അറ്റകുറ്റപ്പണികൾ നടത്തുമ്പോൾ റിപ്പയർ രജിസ്റ്ററിൽ രേഖപ്പെടുത്തലുകൾ വരുത്തേണ്ടതാണ് എന്നിരിക്കെ പ്രസ്തുത രജിസ്റ്റർ സൂക്ഷിക്കാതിരിക്കുന്നത് ശരിയായ നടപടിയല്ല. റിപ്പയർ രജിസ്റ്റർ കൃത്യമായി എഴുതി ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്.

# 3-20 മുൻകൂർ തുകകൾ ക്രമീകരിക്കാനവശേഷിക്കുന്നു

ബ്ലോക്ക് പഞ്ചായത്തിലെ ജീവനക്കാർ വിവിധ ആവശ്യങ്ങൾക്കായി കൈപ്പറ്റിയ മുൻകൂർ തുകകൾ ക്രമീകരിക്കാൻ അവശേഷിക്കുന്നുണ്ട്. ആയതിന്റെ വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | അഡ്വാൻസ് നൽകിയ തീയതി | കൈപ്പറ്റിയ ഉദ്യോഗസ്ഥൻ | അഡ്വാൻസിന്റെ ഉദ്ദേശം | ചെക്ക് നമ്പർ, തീയതി | നൽകിയ തുക | ക്രമീകരിക്കാൻ ബാക്കി നിൽക്കുന്ന തുക |
|---|---|---|---|---|---|---|
| 1 | 15.02.17 | ശ്രീ. കണ്ണൻ ജി, ജി.ഇ.ഒ. | വർക്കിംഗ് ഗ്രൂപ്പ് യോഗത്തിന് അഡ്വാൻസ് | 2195026/ 15.02.17 | 24000 | 24000 |
| 2 | 28.02.17 | ശ്രീ. കണ്ണൻ ജി, ജി.ഇ.ഒ. | കരട് പദ്ധതി രേഖ | 2195033/ 28.02.17 | 24000 | 24000 |
| 3 | 30.03.17 | ശ്രീ.എം.സി. അനിൽകുമാർ, എക്സ്റ്റൻഷൻ ഓഫീസർ (പി&എം) | കില പരിശീലനം അധികചെലവ് ക്രമീകരിക്കുന്നതിന് | 2195057/ 30.03.17 | 10000 | 10000 |
| 4 | 06.09.16 | ശ്രീമതി ഷീലാബാബു, എക്സ്റ്റൻഷൻ ഓഫീസർ | ട്രേഡ് ഫെയർ 2016 ന് അഡ്വാൻസ് | 8065014/ 25.08.16 | 10000 | 3000 |
| | | | | ആകെ | | 61000 |

കേരള ഫിനാൻഷ്യൽ കോഡ് വാല്യം I അനുച്ഛേദം 99 പ്രകാരം, വിവിധ ആവശ്യങ്ങൾക്കായി അനുവദിക്കുന്ന മുൻകൂറുകൾ മൂന്നു മാസത്തിനകം ചെലവ് രേഖകൾ ഹാജരാക്കി ക്രമീകരിക്കേണ്ടതാണ്. അല്ലാത്തപക്ഷം തുക അനുവദിച്ച തീയതി മുതൽ ഈടാക്കുന്ന തീയതി വരെയുള്ള കാലയളവിലെ 18% പലിശ സഹിതം ഈടാക്കേണ്ടതാണ്. ക്രമീകരിക്കാത്ത മുൻകൂറുകൾ ശമ്പളബില്ലിൽ നിന്നും ഈടാക്കുകയോ റവന്യൂ റിക്കവറിയിലൂടെ ഈടാക്കുകയോ ചെയ്യുവാൻ സർക്കുലർ നം: 43/12/ധനം. തീയതി: 24.07.2012 ൽ നിർദ്ദേശിക്കുന്നുണ്ട്. അഡ്വാൻസ് തുകകൾ യഥാസമയം ക്രമീകരിക്കാതിരുന്നവരിൽ നിന്നും തുക ഈടാക്കാൻ നടപടികൾ സ്വീകരിക്കാതിരുന്നത് ബന്ധപ്പെട്ട സെക്ഷന്റെയും സെക്രട്ടറിയുടേയും വീഴ്ചയായി വിലയിരുത്തുന്നു. മുൻ വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളിൽ പരാമർശിച്ചിട്ടുണ്ടെങ്കിലും ഈ വിഷയത്തിൽ ബ്ലോക്കുപഞ്ചായത്ത് തുടർനടപടികൾ സ്വീകരിച്ചിട്ടില്ല. ഈ സാഹചര്യത്തിൽ ചെലവുതുക തടസ്സത്തിൽ വയ്ക്കുന്നു.

നല്കിയ മുൻകൂറുകൾക്ക് ചെലവ് രേഖകൾ ഹാജരാക്കിയിട്ടുള്ളപക്ഷം കാലതാമസത്തിന് പലിശ ഈടാക്കി ക്രമീകരിക്കുകയും അല്ലാത്തപക്ഷം മുൻകൂർ തുക പലിശ സഹിതം ഈടാക്കുകയും ചെയ്ത് ഓഡിറ്റിനെ ബോദ്ധ്യപ്പെടുത്തേണ്ടതാണ്.

# 3-21 ഡെപ്പോസിറ്റ് പ്രവൃത്തികൾ പൂർത്തീകരിക്കാൻ അവശേഷിക്കുന്നു

വിവിധ പദ്ധതികൾക്കായി വാട്ടർ അതോറിറ്റി, കെ.എസ്.ഇ.ബി. എന്നീ സ്ഥാപനങ്ങളിൽ തുക ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. എന്നാൽ ഈ സ്ഥാപനങ്ങളിൽ നിന്നും പ്രവൃത്തിയുടെ പൂർത്തീകരണ വിവരം ലഭ്യമാക്കിയിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്ട് നമ്പർ | പ്രോജക്ടിന്റെ പേര് | അടവാക്കിയ തുക | വൗച്ചർനം/ ചെക്ക് നം, തീയതി | നിർവ്വഹണ സ്ഥാപനം | റിമാർക്സ് |
|---|---|---|---|---|---|---|
| 1 | 7/17 | മല്ലപ്പള്ളി ബ്ലോക്ക് പഞ്ചായത്തിലെ വിവിധ പ്രദേശങ്ങളിലേക്ക് കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ (17 പ്രവൃത്തികൾ) | 2046828 | 9/16-17/ 22.12.16<br>15/16-17/ 24.03.17<br>22/16-17/ 23.3. 16 | കേരള വാട്ടർ അതോറിറ്റി | പൂർത്തീകരണ വിവരം ഇല്ല |
| 2 | 57/17 | മല്ലപ്പള്ളി ബ്ലോക്ക് പഞ്ചായത്തിലെ വിവിധ പ്രദേശങ്ങളിലേക്ക് കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ (എസ്.സി.പി) (11 പ്രവൃത്തികൾ) | 2654000 | 10/16-17/ 25.02.17<br>19/16-17/ 29.03.17<br>20/16-17/ 29.03.17 | കേരള വാട്ടർ അതോറിറ്റി | പൂർത്തീകരണ വിവരം ഇല്ല |
| 3 | 8/17 | മല്ലപ്പള്ളി ബ്ലോക്ക് പഞ്ചായത്ത് പ്രദേശത്ത് വൈദ്യുതി ലൈൻ നീട്ടൽ | 2199244 | 11/16-17/ 05.03.17<br>14/16-17/ 17.03.17 | കെ.എസ്. ഇ.ബി. | പൂർത്തീകരണ വിവരം ഇല്ല |

| | | | | | | |
|---|---|---|---|---|---|---|
| | | (44 പ്രവൃത്തികൾ) | | 16/16-17/ 28.03.17 | | |
| 4 | 11/17 | മല്ലപ്പള്ളി ബ്ലോക്ക് പഞ്ചായത്ത് പ്രദേശത്ത് വൈദ്യുതി ലൈൻ നീട്ടൽ (എസ്.സി.പി.) (7 പ്രവൃത്തികൾ) | 571360 | 21/16-17/ 29.03.17 | കെ.എസ്. ഇ.ബി. | പൂർത്തീകരണ വിവരം ഇല്ല |

സ്ഥാപനങ്ങളുമായി യാതൊരുവിധ കരാറും ചമച്ചിട്ടില്ല. പ്രവൃത്തികളുടെ പൂർത്തീകരണവിവരം മേൽ സ്ഥാപനങ്ങളിൽ നിന്നും വാങ്ങി വിവരം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

## 3-22 ഐ.എ.വൈ.പദ്ധതി- ഗുണഭോക്താക്കൾ ഭവനനിർമ്മാണം പൂർത്തീകരിക്കാൻ അവശേഷിക്കുന്നു

ഐ.എ.വൈ. പദ്ധതിയിൽ കരാറിലേർപ്പെട്ട ഗുണഭോക്താക്കളിൽ ഭവനനിർമ്മാണം പൂർത്തീകരിക്കാനവശേഷിക്കുന്നു. 2011-12 മുതലുള്ള വിവരം ചുവടെ ചേർക്കുന്നു.

| വർഷം | കരാറിലേർപ്പെട്ടവർ | നിർമ്മാണം പൂർത്തീകരിച്ചവർ | ചെലവഴിച്ച തുക | പൂർത്തീകരിക്കാൻ അവശേഷിക്കുന്നവർ |
|---|---|---|---|---|
| 2011-12 | 233 | 230 | 38822263 | 3 |
| 2012-13 | 183 | 181 | 36413800 | 2 |
| 2013-14 | 196 | 190 | 38443000 | 6 |
| 2014-15 | 213 | 201 | 41348500 | 12 |
| 2015-16 | 239 | 223 | 36088000 | 16 |
| 2016-17 | 45* | 12 | 3196000 | 33 |

(* 2016-17 ലെ ടാർജറ്റ് 112 ആയിരുന്നുവെങ്കിലും 45 പേർ മാത്രമാണ് കരാറിലേർപ്പെട്ടിട്ടുള്ളത്)

കരാറിലേർപ്പെട്ട ഗുണഭോക്താക്കൾ ഭവനനിർമ്മാണം പൂർത്തീകരിക്കുന്നതിനുള്ള ഫലപ്രദമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

# ഭാഗം-4

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 ഡെപ്പോസിറ്റ് പ്രവൃത്തിക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഖണ്ഡിക 3-21- ൽ വിശദാംശങ്ങൾ നൽകിയിട്ടുണ്ട്.

# 4-2 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരം

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികളുടെ മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുക ഒന്നും നൽകിയിട്ടില്ല.

# 4-3 വായ്പ/ വായ്പ തിരിച്ചടവ്

| വായ്പയുടെ പേര്/ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക (മുതൽ+പലിശ) |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഐ.എ.വൈ. ഭവനപദ്ധതി | സ.ഉ.നം. എം.എസ് 90/13/ത.സ്വ. ഭ.വ./തീയതി. 14.03.2013 | 9600000 | 9103546 | 1719320 | 704320 | 7384226+ 769000 |

# 4-4 സ്ഥിരനിക്ഷേപങ്ങൾ

ഓഡിറ്റ് വർഷത്തിൽ സ്ഥിരനിക്ഷേപമില്ല

# 4-5 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ ഓഡിറ്റ് വർഷം വരവില്ല.

# 4-6 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ബ്ലോക്ക്പഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ പരാമർശിച്ചിട്ടുള്ളതും 1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 23 പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ടതുമായ ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം, ഖണ്ഡിക നം | സമാഹൃത റിപ്പോർട്ട് വർഷം, ഖണ്ഡിക നം | വിഷയം | നിലവിലെ അവസ്ഥ |
|---|---|---|---|
| 2006-07, ഖ-3-12 | 2009-10 | വ്യവസായകേന്ദ്രം നിർമ്മാണം | മറുപടി സമർപ്പിച്ചിട്ടുണ്ട് |

| | | | |
|---|---|---|---|
| 2006-07, ഖ-3-14 | 2009-10 | പയറ്റുകാലാ കുടിവെള്ളപദ്ധതി | മറുപടി സമർപ്പിച്ചിട്ടുണ്ട് |
| 2004-05 ഖ-3-4 | 2007-08 | പ്രീമെട്രിക് ഹോസ്റ്റൽ അപാകത | മറുപടി സമർപ്പിച്ചിട്ടുണ്ട് |
| 2004-05 ഖ-3-17 | 2007-08 | വനിതാ സ്വയംതൊഴിൽ യൂണിറ്റ് | മറുപടി സമർപ്പിച്ചിട്ടുണ്ട് |
| 2003-04 ഖ-2-23 | 2007-08 | വ്യവസായ വികസനം-റെഡിമെയ്ഡ് വസ്ത്രനിർമ്മാണ യൂണിറ്റ്-(വനിത-പട്ടികജാതിവിഭാഗം)-പദ്ധതി നടത്തിപ്പിലെ അപാകതകൾ- | വിവരം ലഭ്യമല്ല |
| 2003-04 ഖ-2-24 | 2007-08 | തേനീച്ച വളർത്തലും തേൻ സംസ്കരണയൂണിറ്റ് സ്ഥാപിക്കലും-പദ്ധതി നടത്തിപ്പിലെ പാകപ്പിഴകൾ. | വിവരം ലഭ്യമല്ല |
| 2003-04 ഖ-2-26 | 2007-08 | ഹാജരാക്കാത്ത വൗച്ചറുകൾ | വിവരം ലഭ്യമല്ല |
| 2002-03 ഖ-2-14 | 2007-08 | ലഭ്യമല്ലാത്ത വൗച്ചറുകൾ | മറുപടി സമർപ്പിച്ചിട്ടുണ്ട് |

# 4-7 ഓഡിറ്റ് പ്രത്യവലോകനം

| **(എ)** സംക്ഷിപ്ത വിവരം | | വർഷം **2016-17** |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് [മുന്നിരിപ്പ് തുക ഉൾപ്പടെ) റസീറ്റ് &പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം] | : | 78495998 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 60947945 |
| വരവിനങ്ങളില്ലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളില്ലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 29100 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 2709516 |

**(ബി)** പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| 3-9 | | 29100 | ഡോ.അന്നപൂർണ്ണ, മെഡിക്കൽ ഓഫീസർ, താലൂക്ക് ആശുപത്രി |

ആകെ **29100**

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 1000000 | ശ്രീ.ജി.കണ്ണൻ, ജനറൽ എക്സ്റ്റൻഷൻ ഓഫീസർ |
| 3-3 | 520452 | ശ്രീ.സി.ജെ.പ്രസാദ്, അസി.എക്സി.എഞ്ചിനീയർ |
| 3-5 | 414590 | ശ്രീ.സി.ജെ.പ്രസാദ്, അസി.എക്സി.എഞ്ചിനീയർ<br>ശ്രീ. ജിപ്സൺ ജോസ്, അസി. എഞ്ചിനീയർ |
| 3-7 | 269719 | ശ്രീ.സി.ജെ.പ്രസാദ്, അസി.എക്സി.എഞ്ചിനീയർ |
| 3-11 | 20900 | ശ്രീ.മോഹൻ കുമാർ.എം,<br>ബ്ലോക്ക്പഞ്ചായത്ത് സെക്രട്ടറി(ബി.ഡി.ഓ) |
| 3-15 | 408605 | ശ്രീ.സി.ജെ.പ്രസാദ്, അസി.എക്സി.എഞ്ചിനീയർ |
| 3-18 | 14250 | ശ്രീ.റോയ് ഐസക്ക് വർഗ്ഗീസ്സ് ,<br>കൃഷി അസിസ്റ്റന്റ് ഡയറക്ടർ(ചാർജ്) |
| 3-20 | 24000<br>24000<br>10000<br>3000 | ശ്രീ.മോഹൻ കുമാർ.എം,<br>ബ്ലോക്ക്പഞ്ചായത്ത് സെക്രട്ടറി(ബി.ഡി.ഓ) |
| ആകെ | **2709516** | |

**(സി)** കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

**(ഡി)** നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഖ. 3-5

**(ഇ)** റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരംമേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഓഡിറ്റ് നടന്ന സമയത്തെ ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.സി.ജെ.പ്രസാദ്,<br>അസി.എക്സി.എഞ്ചിനീയർ | വിരമിച്ചു | ചമതയ്ക്കൽ വീട്,<br>കവുങ്ങുംപ്രയാർ.പി.ഓ,<br>വെണ്ണിക്കുളം |
| ശ്രീ. ജിപ്സൺ ജോസ്,<br>അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ,<br>കോയിപ്രം ബ്ലോക്ക്പഞ്ചായത്ത് | അടിക്കിലാമാക്കൽ,<br>റെയിൽവേസ്റ്റേഷന് കിഴക്ക്,<br>കല്ലുമല, മാവേലിക്കര |

| | | |
|---|---|---|
| ഡോ.അന്നപൂർണ്ണ, മെഡിക്കൽ ഓഫീസർ, താലൂക്ക് ആശുപത്രി | മെഡിക്കൽ ഓഫീസർ, താലൂക്ക് ആശുപത്രി, മല്ലപ്പള്ളി | ടി.സി.26/807/(2) ഹൗസ് നമ്പർ 28/എ ചെമ്പക നഗർ, ബേക്കറി ജംഗ്ഷൻ , തിരുവനന്തപുരം -695001 |
| ശ്രീ.എം.മോഹൻകുമാർ, ബ്ലോക്ക്പഞ്ചായത്ത് സെക്രട്ടറി | ബി.ഡി.ഓ(സെക്രട്ടറി), വാമനപുരം ബ്ലോക്ക്പഞ്ചായത്ത് | കൃഷ്ണകൃപ, മുണ്ടേല.പി.ഓ, വെള്ളനാട്, നെടുമങ്ങാട്. |
| ശ്രീ. റോയ് ഐസക്ക് വർഗ്ഗീസ്, കൃഷി അസിസ്റ്റന്റ് ഡയറക്ടർ (ചാർജ്) | കൃഷി ഓഫീസർ, മല്ലപ്പള്ളി ഗ്രാമപഞ്ചായത്ത് | കൈമിശ്ശേരിൽ വീട്, കടപ്ര, നിരണം.പി.ഒ., തിരുവല്ല. |
| ശ്രീ. ജി. കണ്ണൻ, ജനറൽ എക്സ്റ്റൻഷൻ ഓഫീസർ | ജനറൽ എക്സ്റ്റൻഷൻ ഓഫീസർ, മല്ലപ്പള്ളി ബ്ലോക്ക് പഞ്ചായത്ത് | വൃന്ദാവൻ ഹൗസ്, മല്ലിക, തട്ട.പി.ഒ, പത്തനംതിട്ട. |

# **4-8** തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | റിമാർക്ക് |
|---|---|---|
| 2002-03 | എൽ.എഫ്.പി.റ്റി.എ.പി6-642/06 തീയതി 15.02.07/06.12.07 | 1 ഖണ്ഡിക |
| 2003-04 | എൽ.എഫ്.പി.റ്റി.എ.പി6-644/06തീയതി 15.02.07/06.12.07 | 3 ഖണ്ഡികകൾ |
| 2003-04 | എൽ.എഫ്.പി.റ്റി.എ.പി2-1199/11തീയതി 27.12.2011/16.06.12 | 6 ഖണ്ഡികകൾ |
| 2004-05 | എൽ.എഫ്.പി.റ്റി.എ.പി2-177/10 തീയതി 20.12.2011 | 2 ഖണ്ഡികകൾ |
| 2004-05 | എൽ.എഫ്.പി.റ്റി.എ.പി6-775/06 തീയതി 15.03.07/29.12.07 | 11 ഖണ്ഡികകൾ |
| 2006-07 | എൽ.എഫ്.പി.റ്റി.എ.പി6-562/08 തീയതി 09.02.09 | 2 ഖണ്ഡികകൾ |
| 2007-08 | എൽ.എഫ്.പി.റ്റി.എ.പി3- 99/10തീയതി 14.07.10 | 10 ഖണ്ഡികകൾ |
| 2008-09 | എൽ.എഫ്.പി.റ്റി.എ.പി2- 760/11 തീയതി 12.12.2011/10.02.12 | 7ഖണ്ഡികകൾ |
| 2009-10 & 2010-11 | എൽ.എഫ്.പി.റ്റി.എ.പി2-152/13 തീയതി 16.05.13/07.09.2013 | 5 ഖണ്ഡികകൾ |
| 2011-12 &2012-13 | എൽ.എഫ്.പി.റ്റി.എ.പി 2-209/14 തീയതി 05.05.2014/03.07.14 | 4 ഖണ്ഡികകൾ |

| | | |
|---|---|---|
| 2013-14 | എൽ.എഫ്.പി.റ്റി.എ.പി 2-73/2015 തീയതി 01.04.2015 | 6 ഖണ്ഡികകൾ |
| 2014-15 | കെ.എസ്.എ.പി.റ്റി.എ.പി 13-1106/16 തീയതി 17.10.2016 | എല്ലാ ഖണ്ഡികകളും |
| 2015-16 | കെ.എസ്.എ.പി.റ്റി.എ.പി 13-335/17 തീയതി 06.05.2017 | എല്ലാ ഖണ്ഡികകളും |

അവശേഷിക്കുന്ന റിപ്പോർട്ടിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

പി.പി. സുരേഷ് കുമാർ

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്.

# 1

# ഓഡിറ്റ് സർട്ടിഫിക്കറ്റ്

നം.കെ.എസ്.എ.പി.റ്റി.എ.പി.**12 /1305/2017** തീയതി **:06-12-2017**

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215-ാം വകുപ്പ് ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ കണക്കുകളുടെ സാക്ഷ്യപ്പെടുത്തലിനായി കംട്രോളർ ആന്റ് ഓഡിറ്റർ ജനറൽ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അവലംബിച്ചും, പത്തനംതിട്ട ജില്ലയിലെ മല്ലപ്പള്ളി ബ്ലോക്ക് പഞ്ചായത്തിന്റെ 2016-17വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ മല്ലപ്പള്ളി ബ്ലോക്ക് പഞ്ചായത്തിന്റെ 2016-17ലെ വാർഷിക ധനകാര്യ പത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് സാക്ഷ്യപ്പെടുത്തുന്നു.

പി.പി.സുരേഷ് കുമാർ

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് പത്തനംതിട്ട

**No.K.S.A.PTA. P-12 /1305/2017 Dated : 06-12-2017**

**AUDIT CERTIFICATE**

Certified that I have examined the Annual Financial Statement of **Mallappally Block Panchayat** in Pathanamthitta district for the year ended on 31.03.2017 in accordance with section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under the guidelines isssued by the Comptroller and Auditor General of India for the purpose of certification of accounts of Panchayat Raj Institutions.

In my opinion, the Financial Statements of **Mallappally Block Panchayat** for the year 2016-17 except the obeservations in my report properly presents the picture of income and expenditure.

**P.P. SURESHKUMAR**

**Senior Deputy Director**

**Kerala State Audit Department**

**Pathanamthitta**